VOL NO: 04 | ISSUE 32
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 AUGUST 08 | 1441 DHUL HIJJAH 18 | ₹12 വാരിക



## ദേശീയ വിദ്യാഭ്യാസ നയം: ആശയും ആശങ്കകളും

ഏതൊരു സമൂഹത്തിന്റെയും സംസ്കൃതിയുടെ ആധാരശിലയാണ് വിദ്യാഭ്യാസം. കാലികമായ മാറ്റങ്ങൾക്കനുസരിച്ച് അത് പരിഷ്കരിക്കേണ്ടതുണ്ട് എന്നതിൽ പക്ഷാന്തരമില്ല. എന്നാൽ രാജ്യത്തിന്റെ പുതിയ നയങ്ങളിലെല്ലാം ഒളിയജണ്ടകൾ ധാരാളം കണ്ടതിനാൽ തന്നെ പൗരന്റെ ആശങ്കകളെ അവഗണിക്കാനാവില്ല. 2020ലെ ദേശീയ വിദ്യാഭ്യാസ നയത്തെ നിഷ്പക്ഷമായി വിലയിരുത്തുകയാണ് ലേഖകൻ.

**സമൂഹവും മാധ്യമങ്ങളും**
**രഹസ്യം സൂക്ഷിക്കലും കോപം അടക്കിവെക്കലും**
**ശൈഖ് ദിയാഉർറഹ്മാൻ അഅ്ദ്വമി: പണ്ഡിതലോകത്തെ വിസ്മയ സാന്നിധ്യം**

## ഇസ്‌ലാം പുരുഷ മേധാവിത്വത്തിന്റെ മതമോ?

ക്വുർആനിലെ ചില വചനങ്ങളെ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് ഇസ്‌ലാം പുരുഷ മേധാവിത്വത്തിന്റെ മതമാണെന്ന് വിമർശകർ വാദിക്കാൻ തുടങ്ങിയിട്ട് നാളേറെയായി. എന്താണ് ഈ വചനങ്ങളുടെ അടിസ്ഥാനം? വിമർശകരുടെ ജൽപനങ്ങളിൽ എത്രത്തോളം കഴമ്പുണ്ട്?

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...

**താങ്കൾ കേട്ടു തുടങ്ങിയോ?**



peaceradio

Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322

www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക

0186 / 2020 ആഗസ്ത് 08 / 1441 ദുൽഹിജ്ജ 18 / പുസ്തകം 04 / ലക്കം 32




റശീദ് കുട്ടമ്പൂർ / 10

# ദേശീയ വിദ്യാഭ്യാസ നയം: ആശയും ആശങ്കകളും


**മുഖമൊഴി**

സമൂഹവും മാധ്യമങ്ങളും / 05

**ജാലകം**

പുഷ്പുൽ / 06
- സി

**ക്വുർആൻ ദർശനം**

ജുമുഅ,
ഭാഗം 2 / 23
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**നമുക്ക് ചുറ്റും**

അജ്ഞതയുടെ ആഴം / 34
ഉസ്മാൻ പാലക്കാഴി

**ലേഖനം**

ഇസ്‌ലാം പുരുഷ മേധാവിത്വത്തിന്റെ മതമോ? / 07
ശമീർ മദീനി

അറിവുള്ളവരിൽനിന്നും
അനുഭവസ്ഥരിൽനിന്നും അടുത്തറിയാം / 15
നബീൽ പയ്യോളി

മനുഷ്യ സമത്വം / 18
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

രഹസ്യം സൂക്ഷിക്കലും
കോപം അടക്കിവെക്കലും / 26
അബ്ദുൽ ജബ്ബാർ മദീനി

ശൈഖ് ദിയാഉർറഹ്മാൻ അഅ്ദ്വമി:
പണ്ഡിതലോകത്തെ വിസ്മയ സാന്നിധ്യം / 30
ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു




### ആരാണ് ബുദ്ധിമാന്മാർ?

ക്വുർആൻ 3:190ൽ അല്ലാഹു പറയുന്നു: "തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും രാപകലുകൾ മാറിമാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്."

തുടർന്ന് അടുത്ത വചനത്തിൽ ബുദ്ധിമാൻമാരുടെ ഗുണമായി അല്ലാഹു പറയുന്നു: "നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നുകൊണ്ടും അല്ലാഹുവെ ഓർമിക്കുകയും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയെ പറ്റി ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. (അവർ പറയും:) ഞങ്ങളുടെ രക്ഷിതാവേ! നീ നിരർഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽനിന്ന് ഞങ്ങളെ കാത്തു രക്ഷിക്കണേ."

'ബുദ്ധിശാലികൾ മാത്രമെ ആലോചിച്ച് മനസ്സിലാക്കുകയുള്ളൂ' എന്നു പറഞ്ഞ ശേഷം ക്വുർആൻ 3:8ൽ അല്ലാഹു പറയുന്നു: "(അവർ പ്രാർഥിക്കും:) ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സൻമാർഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽനിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു."

ചിന്തയുടെയും പ്രാർഥനയുടെയും അനിവാര്യതയാണ് ഈ വചനങ്ങൾ നമ്മെ അറിയിക്കുന്നത്. അർഥമറിഞ്ഞുകൊണ്ടുള്ള ക്വുർആൻ പാരായണമാണ് നമ്മെ ചിന്തയിലേക്കു നയിക്കുക. പ്രപഞ്ചത്തിലും നമ്മിൽ തന്നെയുമുള്ള ഒട്ടനേകം ദൃഷ്ടാന്തങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ നമുക്കാവണം. പ്രപഞ്ചനാഥന്റെ കഴിവും മഹത്ത്വവും അതുവഴി മനസ്സിലാക്കുവാനും അവനു കീഴ്പെട്ടു ജീവിക്കുവാനും നമുക്ക് സാധിക്കും.

-നസീർ ചെന്നൈ

## ചലനങ്ങൾ

### പുതിയ ദേശീയ വിദ്യാഭ്യാസനയം; മതനിരപേക്ഷ സമൂഹം ഉണരണം: വിസ്ഡം യൂത്ത്

മലപ്പുറം: ജനാധിപത്യമൂല്യങ്ങളെയും രാജ്യത്തിന്റ ഫെഡറൽസ്വഭാവത്തെയും മതേതര പൈതൃകങ്ങളെയും തകർക്കുംവിധമുള്ള പുതിയ ദേശീയ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ മതനിരപേക്ഷ സമൂഹം ഉണരണമെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

ദേശഭാഷാ പരിമിതികളില്ലാതെ വസ്തുനിഷ്ഠമായ വിവരങ്ങൾ പകർന്നുനൽകേണ്ട വിദ്യാഭ്യാസ പ്രക്രിയയെ നിരാകരിക്കുന്ന ഈ നയം പുതിയതലമുറയുടെ ചിന്താശേഷി നഷ്ടപ്പെടുത്തും.

ദേശീയ പാരമ്പര്യവും വിജ്ഞാനവുമെന്ന പേരിൽ സംഘപരിവാരം പ്രചരിപ്പിക്കുന്ന വികലമായ ആശയങ്ങൾ അടിച്ചേൽപിക്കാൻ വിദ്യാഭ്യാസത്തെ ദുരുപയോഗം ചെയ്യുകയാണ്.

ആഗോള വൈജ്ഞാനിക മുന്നേറ്റത്തിൽ ഇന്ത്യൻ മാനവശേഷിയെ നിഷ്ക്രിയമാക്കാനുള്ള ഈ വിദ്യാഭ്യാസ നയത്തിനെതിരെ പൊതുബോധമുണരണമെന്നും സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി കായക്കൊടി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, അബ്ദുല്ല ഫാസിൽ, ഒ. മുഹമ്മദ് അൻവർ, പി.യു സുഹൈൽ, മുജീബ് ഒട്ടുമ്മൽ, യു. മുഹമ്മദ് മദനി, ഡോ. ഫസലുറഹ്മാൻ, ഡോ.നസീഫ്, ഡോ.സബീൽ പി.എൻ, അനിൽ പ്രിംറോസ്, നിഷാദ് സലഫി പ്രസംഗിച്ചു.

## ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

# സമൂഹവും മാധ്യമങ്ങളും

വിദ്യാഭ്യാസം മുതൽ രാഷ്ട്രീയം വരെയുള്ള മണ്ഡലങ്ങളിൽ മതേതര, പുരോഗമന, ജനാധിപത്യ നിലപാടുകൾ പിന്തള്ളപ്പെടുകയും ശാസ്ത്രീയവും യുക്തിബദ്ധവുമായ കാഴ്ചപ്പാടുകൾ നിരാകരിക്കപ്പെടുകയും ചെയ്യുന്ന ഒരവസ്ഥ നമ്മുടെ രാജ്യത്ത് വ്യാപകമായിക്കഴിഞ്ഞു. മാധ്യമങ്ങൾ ഇതിനൊപ്പമാണ് പൊതുവെ നിലയുറപ്പിച്ചിട്ടുള്ളത്. പൊതുസമൂഹത്തിൽ രൂപം കൊള്ളുന്ന ന്യൂനപക്ഷവിരുദ്ധ സമീപനങ്ങൾക്കു മേൽക്കൈ ലഭിക്കുംവിധം അവ തങ്ങളുടെ നിലപാടുകൾ രൂപപ്പെടുത്തുന്നു.

വംശീയത, മതവിദ്വേഷം, ജാതിവാദം തുടങ്ങിയവയൊക്കെ പലനിലകളിൽ ഊട്ടിയുറപ്പിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളോട് മാധ്യമങ്ങൾ സ്വീകരിക്കുന്ന സമീപനം പലപ്പോഴും അത്രമേൽ വിമർശനാത്മകമാകാറില്ല എന്നതാണ് വസ്തുത. 'മൃദുവർഗീയത' എന്ന ഒന്ന് പൊതുവിൽ സ്വീകാര്യമായിക്കഴിഞ്ഞിരിക്കുന്നു! ന്യൂനപക്ഷ, മത, ജാതിവിവേചനങ്ങളുടെ സ്വരം മാധ്യമങ്ങളിൽ നേരിട്ടും അല്ലാതെയും മുഴങ്ങാറുണ്ട് എന്നതാണ് വസ്തുത.

ബഹുജനമാധ്യമങ്ങളുടെ അടിസ്ഥാന സ്വഭാവങ്ങളിലൊന്ന് ഭരണകൂട വിമർശനമായിരുന്നു. അതുകൊണ്ടുതന്നെ പലനിലകളിലുള്ള മാധ്യമ നിയന്ത്രണനിയമങ്ങൾ സർക്കാരുകൾ കാലാകാലങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. ചില ഭരണകൂടങ്ങൾ സ്വതന്ത്ര മാധ്യമപ്രവർത്തനംതന്നെ നിരോധിച്ച ചരിത്രമുണ്ട്. റേഡിയോ മാത്രമാണ് ഇതിൽനിന്നു ഭിന്നമായത്. കാരണം ഭരണകൂട ഉടമസ്ഥതയിലായിരുന്നു അതു നിലനിന്നത്. ദൃശ്യമാധ്യമങ്ങളും അച്ചടിമാധ്യമങ്ങളും പലഘട്ടങ്ങളിലും ഭരണകൂടത്തിന്റെ ചട്ടുകമായും ചിലപ്പോഴൊക്കെ ചാട്ടവാറായും പ്രവർത്തിച്ച ചരിത്രം നമുക്കുണ്ട്.

നവമാധ്യമങ്ങൾ കുറെക്കൂടി സ്വതന്ത്രവും ജനാധിപത്യപരവും ഭരണകൂടനിയന്ത്രണത്തിൽനിന്നു മുക്തവുമാണ്. അതേസമയം 'സ്വകാര്യതയുടെ അന്ത്യം' എന്നുപോലും വിശേഷിപ്പിക്കാവുന്നവിധം നവമാധ്യമങ്ങളിൽ ഭരണകൂട ഇടപെടൽ ശക്തമാകുന്നതിനെക്കുറിച്ച് ആശങ്കപ്പെടേണ്ടിയിരിക്കുന്നു. അടിസ്ഥാനപരമായി ജനാധിപത്യത്തിന്റെ കാവലാളുകളാകേണ്ട മാധ്യമങ്ങൾക്ക് അതിനു കഴിയാതെവരുന്നതിന്റെ മുഖ്യകാരണം ഭരണകൂട ഇടപെടലും നിയന്ത്രണവും തന്നെയാണ്.

ബഹുജനമാധ്യമങ്ങളുടെ വർത്തമാനകാലം നമ്മെ ഭീതിപ്പെടുത്തുന്നതിന്റെ മുഖ്യ കാരണങ്ങളിലൊന്ന് ഈ രംഗം കയ്യടക്കിക്കഴിഞ്ഞ നിഗൂഢമായ നിക്ഷേപങ്ങളാണ്. പരമ്പരാഗതമായി പത്രങ്ങൾക്ക് ഇത്തരമൊരു അവസ്ഥയുണ്ടായിരുന്നില്ല. ചില കുടുംബങ്ങളോ, ട്രസ്റ്റുകളോ, സംഘടനകളോ ഒക്കെ നിയന്ത്രിച്ചിരുന്നവയാണ് പത്രങ്ങൾ. എന്നാൽ ടെലിവിഷൻ രംഗം അങ്ങനെയല്ല. ഡസൻ കണക്കിന് ചാനലുകളുണ്ട് മലയാളത്തിൽ തന്നെ. തൊണ്ണൂറു ശതമാനം ചാനലുകളുടെയും ഉടമസ്ഥത, നിക്ഷേപം, മൂലധനം തുടങ്ങിയവയൊക്കെ നിഗൂഢമാണ് എന്ന് പറയപ്പെടുന്നു. അപ്പോൾ സ്വാഭാവികമായും സാമ്പത്തിക ലാഭം മാത്രമല്ല ഇത്തരം സ്ഥാപനങ്ങളുടെ ലക്ഷ്യം എന്നുവരുന്നു. ഭരണകൂടത്തെ സ്വാധീനിക്കുക, സ്വകാര്യവത്കരണം നടപ്പാക്കുക, പൊതുസമൂഹത്തിന്റെ നയസമീപനങ്ങളെ സ്വാധീനിക്കുകയും പരുവപ്പെടുത്തുകയും ചെയ്യുക, മുതലാളിത്ത, മതാത്മക, സാമ്രാജ്യത്ത അജണ്ടൾക്കു പ്രാമാണ്യം നേടിക്കൊടുക്കുക തുടങ്ങിയ; തരാതരം പോലെ മാറി മറിയുന്ന സ്വകാര്യതാൽപര്യങ്ങളുടെ മണ്ഡലമായി മാധ്യമങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്.

സ്വതന്ത്രവും നിർഭയവുമായ മാധ്യമപ്രവർത്തനം ഇനിമേൽ അത്ര എളുപ്പമാകാൻ തരമില്ല. ഭീഷണിയായും പ്രലോഭനമായും ഭരണകൂടങ്ങൾ പ്രവർത്തിക്കുമ്പോൾ സത്യത്തിനും നീതിക്കും ധർമത്തിനുമൊപ്പം നിലകൊള്ളുക എന്നത് ദുഷ്കരം തന്നെയാണ്. നവ-സാമൂഹ്യ മാധ്യമങ്ങളില്ലായിരുന്നുവെങ്കിൽ എത്രയോ സത്യങ്ങൾ ഇതിനകം കുഴിച്ചുമൂടപ്പെടുമായിരുന്നു.

-സി.
mail@nerpatham.com



# പുഷ്പുൾ

മുന്നിലും പിന്നിലും എഞ്ചിനുകൾ ഘടിപ്പിച്ച വണ്ടിപോലെയാണ് പരദൂഷണങ്ങൾ. അതിന്ന് അസാധാരണ വേഗതയുണ്ടായിരിക്കും. എന്നാൽ നല്ല കാര്യങ്ങൾ മെല്ലെ മാത്രമെ പ്രചരിക്കുകയുള്ളൂ. സോഷ്യൽ മീഡിയക്ക് അമിത പ്രാധാന്യവും സ്വാധീനവും വന്നിട്ടുള്ള കാലത്താണ് നാമുള്ളത്. വല്ലപ്പോഴും ഒരു ഗെയിം കാണാനെങ്കിലും ഫോണെടുത്തിരുന്ന കുട്ടികളെ വിലക്കിയിരുന്ന നമുക്ക് ഇന്ന് നഴ്സറിക്കുട്ടിയെ പോലും ഫോണും കമ്പ്യൂട്ടറും നിർബന്ധിച്ച് എടുപ്പിക്കേണ്ടിവന്നിരിക്കുന്നു! നല്ലകാര്യങ്ങൾ പഠിക്കാനും പകർത്താനുമാണെന്ന് നമുക്ക് പറഞ്ഞു സമാധാനിക്കാമെങ്കിലും, തടുക്കാനാവാത്ത തിന്മയുടെ കവാടവും കൂടിയാണിവിടെ മലർക്കെ തുറക്കപ്പെട്ടിരിക്കുന്നതെന്ന് നാം വിസ്മരിക്കരുത്.

ഇതോടൊപ്പംതന്നെ, മതവും ധർമവും നിഷ്ഠയും പാലിക്കുന്നവരെ പോലും അപകടപ്പെടുത്തുന്ന ഇടങ്ങളിലേക്ക് മീഡിയകൾ നാമറിയാതെ നമ്മെ എത്തിക്കുന്നത് ഭയപ്പെടണം. അപരന്ന് ഇഷ്ടമില്ലാത്ത ഒരു കാര്യം ഉള്ളതാണെങ്കിൽ പോലും പ്രചരിപ്പിക്കുന്നത് വലിയ തിന്മയാണെന്ന് നബിﷺ പഠിപ്പിക്കുന്നുണ്ട്. പരദൂഷണങ്ങൾ പറയലും കേൾക്കലും മറ്റുള്ളവർക്ക് കൈമാറലും പലർക്കും സുഖമുള്ള കാര്യമാണ്. സോഷ്യൽ മീഡിയകളിലാവുമ്പോൾ അതിന്റെ കൈമാറ്റം പ്രകാശവേഗതയിലും വ്യാപനം ഇരുട്ടുവരുന്നത് പോലെയുമായിരിക്കും. എന്നാൽ അതിന്റെ മഹാകുറ്റമാകട്ടെ ആദ്യം ക്ലിക്ക് ചെയ്യുന്ന വിരലിന്റെ ഉടമ ഏൽക്കേണ്ടിവരികയും ചെയ്യും. നാമെത്ര സൽകർമങ്ങൾ ചെയ്തു നാളേക്കുവേണ്ടി സമ്പാദിച്ചാലും; അതെല്ലാം കൊടുത്തു തീർത്താലും തീരാത്ത കടക്കാരായി നാം മാറുകയും പരലോകത്ത് പാപ്പരാവുകയും ചെയ്യും.

മതം എന്ന ചാലകത്തിൽ പ്രചോദിതരായി വ്യത്യസ്ത കമ്പാർട്ടുമെന്റുകളായി ജീവിക്കുകയാണ് വിശ്വാസികൾ. പരസ്പരം ഇണങ്ങുകയും പിണങ്ങുകയും ചെയ്യുന്ന സന്ദർഭങ്ങളും ധാരാളമുണ്ട്. വീക്ഷണ വൈരുധ്യങ്ങളും വിയോജിപ്പും അതത് വിഷയങ്ങളുടെ പ്രാധാന്യങ്ങൾക്കനുസരിച്ച് തന്നെ സംവദിക്കപ്പെടുകയും വേണം. ഇവയൊക്കെയും നിലനിർത്തിക്കൊണ്ട് തന്നെ ഇസ്‌ലാമിന്റെ സംസ്കാരം നിലനിർത്താൻ വിശ്വാസികൾ ശ്രമിക്കണം.

മറ്റുള്ളവരെ പരിഹസിക്കുക, ഇല്ലാത്ത കുറ്റങ്ങൾ പെരുപ്പിച്ചു പറയുക, രഹസ്യങ്ങൾ ചുഴ്ന്നെടുത്ത് പ്രചരിപ്പിക്കുക, തിന്മകൾ കൈമാറുക തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് സോഷ്യൽ മീഡിയ കൂടുതൽ സൗകര്യം ഒരുക്കിത്തന്നിരിക്കുന്ന കാലമാണിത്. ഈ ചതിക്കുഴിയിൽ നാം പെട്ടുപോകരുത്. അന്യർ ആരായിരുന്നാലും അവരെപ്പറ്റി ഒരു പരദൂഷണ വൃത്താന്തം കിട്ടിക്കഴിഞ്ഞാൽ അത് പരദൂഷണമാണെന്ന് മനസ്സിലാക്കിയും അന്യരുടെ പച്ചമാംസം തിന്നുന്നതിന്ന് തുല്യമാണെന്ന കുറ്റബോധ്യത്തോടെയും മായ്ച്ചുകളയാനാണ് നാം ശ്രമിക്കേണ്ടത്. സോഷ്യൽ മീഡിയയുടെ അടിമയാവുന്നത് നാം സൂക്ഷിക്കണം. ഭിന്നതകളും തർക്കവിതർക്കങ്ങളും നമ്മുടെ സൽകർമങ്ങൾ നഷ്ടപ്പെടാൻ വഴിവെക്കരുത്.

മറുവശത്ത്, അമൂല്യമായ അറിവുകളുടെയും സദുപദേശങ്ങളുടെയും കലവറയും കൂടിയാണ് ഈ വാർത്താവിനിമയ സംവിധാനങ്ങൾ. ഓരോ വ്യക്തിയുടെയും സാമൂഹ്യവൃത്തത്തിൽ വിവിധ അഭിരുചിയും ആശയങ്ങളും വീക്ഷണങ്ങളുമുള്ളവരെ കണ്ടെത്തി തിരിച്ചറിഞ്ഞ് അവർക്കാവശ്യമായ വെളിച്ചം പകർന്നുനൽകാനും സാന്ത്വനവാക്കുകൾകൊണ്ട് മനസ്സുകുളിർപ്പിക്കാനും നമുക്കിവ പ്രയോജനപ്പെടുത്താം. കൊച്ചുമക്കളുടെ പോലും ജീവിതത്തിന്റെ അനിവാര്യഘടകമായിത്തീർന്ന സോഷ്യൽ മീഡിയാ സംവിധാനങ്ങൾ സൂക്ഷിച്ചില്ലെങ്കിൽ മനുഷ്യന്റെ മതബോധത്തെയും വിശ്വാസത്തെയും ഭക്തിയെയും കുടുംബജീവിതത്തെയും വിലപ്പെട്ട സമയങ്ങളെയും തകർക്കുന്ന സംഹാരശക്തിയാണതെന്ന് നാം തിരിച്ചറിയണം.

ശമീർ മദീനി
shameermadeeni@gmail.com

ലേഖനം




# ഇസ്‌ലാം പുരുഷ മേധാവിത്വത്തിന്റെ മതമോ?

“പുരുഷൻമാർ സ്ത്രീകളുടെമേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് മറു വിഭാഗത്തെക്കാൾ അല്ലാഹു കൂടുതൽ കഴിവുനൽകിയതുകൊണ്ടും (പുരുഷൻമാർ) അവരുടെ ധനം ചെലവഴിച്ചതുകൊണ്ടുമാണത്. അതിനാൽ നല്ലവരായ സ്ത്രീകൾ അനുസരണശീലമുള്ളവരും അല്ലാഹു സംരക്ഷിച്ച പ്രകാരം (പുരുഷൻമാരുടെ) അഭാവത്തിൽ (സംരക്ഷിക്കേണ്ടതെല്ലാം) സംരക്ഷിക്കുന്നവരുമാണ്. എന്നാൽ അനുസരണക്കേട് കാണിക്കുമെന്ന് നിങ്ങൾ ആശങ്കിക്കുന്ന സ്ത്രീകളെ നിങ്ങൾ ഉപദേശിക്കുക. കിടപ്പറകളിൽ അവരുമായി അകന്നുനിൽക്കുക. അവരെ അടിക്കുകയും ചെയ്തുകൊള്ളുക. എന്നിട്ടവർ നിങ്ങളെ അനുസരിക്കുന്നപക്ഷം പിന്നെ നിങ്ങൾ അവർക്കെതിരിൽ ഒരു മാർഗവും തേടരുത്. തീർച്ചയായും അല്ലാഹു ഉന്നതനും മഹാനുമാകുന്നു” (ക്വുർആൻ 4:34).

ഇസ്‌ലാം വിമർശകർ വിശുദ്ധ ക്വുർആനിലെ ഈ വചനം ഉയർത്തിപ്പിടിച്ചുകൊണ്ട് ഇസ്‌ലാം സ്ത്രീത്വത്തെ അപമാനിക്കുകയും അടിച്ചമർത്തുകയും ചെയ്യുന്ന പുരുഷമേധാവിത്വത്തിന്റെ മതമാണെന്ന് ആരോപിക്കുകയും വിമർശിക്കുകയും ചെയ്യാറുണ്ട്. സത്യത്തിൽ ഇസ്‌ലാം അത്തരത്തിലുള്ള ഏതെങ്കിലും ഒരു പക്ഷംപിടിക്കുകയോ ഏതെങ്കിലും ഒരു പക്ഷത്തെ അന്യായമായി അടിച്ചമർത്തുകയോ ചെയ്യുന്നില്ല എന്നത് ഇസ്‌ലാമികാധ്യാപനങ്ങളെ അതിന്റെ പ്രമാണങ്ങളിൽനിന്നും മനസ്സിലാക്കിയിട്ടുള്ള ആർക്കും ബോധ്യപ്പെടുന്ന കാര്യമാണ്. എന്നാൽ അന്ധമായ വിരോധംകൊണ്ടോ തികഞ്ഞ അജ്ഞതകൊണ്ടോ ഇസ്‌ലാമിനെ വിമർശിച്ചു നടക്കുന്നവർ വസ്തുതകൾ അറിയാൻ ശ്രമിക്കുകയോ അറിഞ്ഞ സത്യം ഉൾക്കൊള്ളുകയോ അത് ലോകത്തോട് ഉറക്കെ വിളിച്ചുപറയാൻ ധൈര്യം കാണിക്കുകയോ ചെയ്യാറില്ല എന്നത് ഒരു വസ്തുതയാണ്.

സ്ത്രീയും പുരുഷനും പ്രകൃത്യാ തന്നെ വ്യത്യസ്തതകൾ ഉള്ളവരാണ്. സ്ത്രീകൾക്ക് മാത്രം കഴിയുന്ന ചില കാര്യങ്ങൾ പുരുഷന്മാർക്ക് എത്ര ശ്രമിച്ചാലും ഒരിക്കലും ചെയ്യാൻ പറ്റാത്തതാണ്. ഗർഭധാരണം, പ്രസവം, മുലയൂട്ടൽ തുടങ്ങിയവയാൽ തന്റെ ഇണ കഷ്ടപ്പെടുന്ന രംഗം കണ്ടിട്ട് ഒരിക്കലെങ്കിലും താനത് നിർവഹിക്കാം എന്ന് പറഞ്ഞു ഒരു പുരുഷനും അത് ചെയ്യാൻ തുനിഞ്ഞിട്ടില്ല; അതിന് സാധ്യവുമല്ല. അപ്രകാരം പുരുഷന് മാത്രം ചെയ്യാൻ കഴിയുന്ന കാര്യങ്ങളുണ്ട്.



ശരീരഘടനയിലും മാനസികാവസ്ഥകളിലും ബൗദ്ധികനിലവാരത്തിലുമെല്ലാം ഈ വ്യത്യാസം പ്രകടമാണ്. അതിനാലാണ് സ്ത്രീ-പുരുഷ സമത്വം പ്രകൃതിപരമോ സാധ്യമോ അല്ല എന്ന് പറയുന്നത്. അതുകൊണ്ടാണ് സ്ത്രീ-പുരുഷ സമത്വമല്ല; മറിച്ച് ഓരോരുത്തർക്കും ന്യായമായി കിട്ടേണ്ട നീതിയും അവകാശങ്ങളുമാണ് സംരക്ഷിക്കപ്പെടേണ്ടത് എന്നു പറയുന്നത്.

ആ നിലയിൽ സ്ത്രീയെക്കാൾ ഭരണനിർവഹണ ശേഷി പുരുഷനാണ് സ്രഷ്ടാവ് നൽകിയിട്ടുള്ളത്. കായികവും മാനസികവുമായ ശക്തിയും കരുത്തും അതിൽ പ്രധാനമാണ്. അതിനാൽ കുടുംബത്തിന്റെയും പൊതുസമൂഹത്തിന്റെയും ഭരണനിർവഹണ ചുമതലയും ബാധ്യതയും മുഖ്യമായും പുരുഷനെയാണ് ഇസ്‌ലാം ഏൽപിക്കുന്നത്. പ്രസ്തുത സുശക്തമായ നേതൃത്വത്തിനുകീഴിൽ സംരക്ഷണവും സ്വാതന്ത്ര്യവും അനുഭവിക്കേണ്ടവളായിട്ടാണ് സ്ത്രീയെ ഇസ്‌ലാം കാണുന്നതും. മുകളിൽ കൊടുത്ത ക്വുർആൻ വചനം (4:34) വിശദമാക്കുന്നതും അതാണ്:

അതായത്, പുരുഷൻ സ്ത്രീയുടെ കാര്യങ്ങൾ നിർവഹിക്കാൻ ഏൽപിക്കപ്പെട്ട അധികാരസ്ഥനാണ്. അവളുടെ നേതാവും നായകനുമാണ്. അവൾക്ക് സംരക്ഷണം നൽകേണ്ടതും ആശ്വാസം പകരേണ്ടതും അവന്റെ ചുമതലയാണ്. അവൾക്ക് എന്തെങ്കിലും ന്യൂനതകൾ ഉണ്ടെങ്കിൽ പരിഹരിക്കേണ്ടതും നേരെയാക്കേണ്ടതും അധികാരസ്ഥനായ പുരുഷനാണ്. മതമംഗീകരിക്കുന്ന ഏതൊരാൾക്കും ഇത് അംഗീകരിച്ചേ മതിയാകൂ. മതം മാത്രമല്ല ശാസ്ത്രവും ചരിത്രവും അനുഭവങ്ങളും അതാണ് സത്യപ്പെടുത്തുന്നത്.

പ്രവാചകത്വവും രാജ്യത്തിന്റെ പൊതുഭരണ നേതൃത്വവും പുരുഷന് മാത്രമാണ് മതം വകവെച്ച് നൽകിയിട്ടുള്ളത് എന്നതും ശ്രദ്ധേയമാണ്. ഏത് മേഖലയിൽ ആയിരുന്നാലും അധികാരവും സ്ഥാനവും കഴിവുകളും നൽകപ്പെടുന്നവർക്ക് അത് നൽകപ്പെടാത്തവരെക്കാൾ കൂടുതൽ ബാധ്യതയും ഏൽപിക്കപ്പെട്ടിട്ടുണ്ട് എന്നത് ഇസ്‌ലാമിന്റെ ബാലപാഠം അറിയുന്ന ആർക്കും ബോധ്യമുള്ള കാര്യമാണ്. ആ ഒരു തലത്തിൽ കുടുംബത്തിന്റെ മുഖ്യമായ ഭാരം വഹിക്കേണ്ടതും പുരുഷൻ തന്നെയാണ്. ഈ രണ്ട് കാര്യങ്ങളും വിശുദ്ധ ക്വുർആൻ 4:34ൽ അല്ലാഹു പ്രത്യേകം പരാമർശിച്ചിട്ടുമുണ്ട്. എന്തുകൊണ്ട് പു



രുഷന് സ്ത്രീയുടെമേൽ അധികാരം നൽകി എന്ന ചോദ്യത്തിന് ക്വുർആൻ നൽകുന്ന മറുപടിയാണ് അത്.

1. അല്ലാഹു ചിലരെ ചിലരെക്കാൾ കഴിവുള്ളവരാക്കി.

2. ചില അധിക ചുമതലയും അവരെ ഏൽപിച്ചിട്ടുള്ളതിനാലും അവരാണ് അതിന് അർഹതയുള്ളവർ.

സാമ്പത്തിക ഉത്തരവാദിത്തം, സംരക്ഷണച്ചുമതല... മുതലായവ പുരുഷന്റെ കടമ കൂടിയാണ് എന്ന് സാരം. അല്ലാഹു സ്ത്രീയെക്കാൾ പുരുഷന് ചില സവിശേഷതകളും ഉത്തരവാദിത്തങ്ങളും നൽകി എന്നു വ്യക്തം.

സ്ത്രീക്കും പുരുഷനും പരസ്പരം അവകാശങ്ങളും ഉണ്ടെന്ന് ഉണർത്തിയ ക്വുർആൻ പുരുഷന് സ്ത്രീയെക്കാൾ സവിശേഷമായ ഒരു പദവിയുമുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

"...സ്ത്രീകൾക്ക് (ഭർത്താക്കൻമാരോട്) ബാധ്യതകൾ ഉള്ളതുപോലെ തന്നെ ന്യായപ്രകാരം അവർക്ക് അവകാശങ്ങൾ കിട്ടേണ്ടതുമുണ്ട്. എന്നാൽ പുരുഷൻമാർക്ക് അവരെക്കാൾ ഉപരി ഒരു പദവിയുണ്ട്. അല്ലാഹു പ്രതാപശാലിയും യുക്തിമാനുമാകുന്നു" (ക്വുർആൻ 2:228).

അതിനാൽ മതം അംഗീകരിക്കുന്ന, പടച്ചവനിലും പരലോകത്തിലും വിശ്വസിക്കുന്ന ഒരു സത്യവിശ്വാസിനിയെ സംബന്ധിച്ചിടത്തോളം അവൾ അല്ലാഹുവിന്റെ നിയമനിർദേശങ്ങൾ പാലിച്ച് ജീവിക്കാൻ കടമപ്പെട്ടവളാണ്.

ഇനി ഒരാൾ (പുരുഷൻ) തന്റെ ഇത്തരം ന്യായമായ അവകാശങ്ങൾ വകവെച്ച് നൽകുന്നില്ല എന്ന് ഒരു സ്ത്രീക്ക് പരാതിയുണ്ടെങ്കിൽ അയാളുമായുള്ള വിവാഹബന്ധം വേർപെടുത്താൻ വരെയുള്ള അവകാശം സ്ത്രീക്ക് ഇസ്‌ലാം നൽകിയിട്ടുണ്ട്.

ചുരുക്കത്തിൽ, പുരുഷമേധാവിത്വത്തിന്റെയോ ആണധികാരത്തിന്റെയോ പ്രശ്നമല്ല; പ്രകൃതിപരവും സൃഷ്ടിപരവുമായ തേട്ടമാണ് പുരുഷന് സ്ത്രീയെക്കാൾ പദവിയും കഴിവുകളും ഉണ്ട് എന്നത്. അതുകൊണ്ട് തന്നെ കുടുംബത്തിലും പൊതുഭരണരംഗത്തും പുരുഷനാണ് ഇസ്‌ലാം ആ സ്ഥാനവും ഉത്തരവാദിത്തവും ഏൽപിച്ചിരിക്കുന്നത്.

പുരുഷൻ ചില കാര്യങ്ങളിൽ സ്ത്രീയെക്കാൾ കഴിവും മികവും ഉള്ളവനാണ്. എന്നാൽ മറ്റു ചില സംഗതികളിൽ പുരുഷനെക്കാൾ മഹത്ത്വവും കഴിവുകളും സ്ത്രീകൾക്കാണ് ഉള്ളത്. അതും സൃഷ്ടിപരവും പ്രകൃതിപരവും മതപരവുമായി അറിയപ്പെട്ട കാര്യവുമാണ്. അഥവാ സ്ത്രീ, പുരുഷ അവകാശങ്ങളും ബാധ്യതകളും പരസ്പര പൂരകങ്ങളാണ്.

സൃഷ്ടിയിലും പ്രകൃതത്തിലും വികാരങ്ങളിലുമെല്ലാം സ്ത്രീയും പുരുഷനും സമമല്ല. അതിനാൽ സമത്വവാദമല്ല നീതിയാണ് ഇസ്‌ലാം പരിഗണിച്ചിട്ടുള്ളത്.

സ്ത്രീയുടെ സുരക്ഷിതത്വവും ജീവിതച്ചെലവും ശരിയായ രൂപത്തിൽ നിർവഹിച്ചു നൽകപ്പെടാത്ത അവസ്ഥയിൽ അതിനുള്ള പരിഹാരമായി വിവാഹബന്ധം ദുർബലപ്പെടുത്താൻവരെ സ്ത്രീക്ക് ഇസ്‌ലാം അനുവാദം നൽകുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്.

സാമ്പത്തിക ബാധ്യത ഏറ്റെടുക്കുന്നു എന്ന് മാത്രമല്ല പ്രകൃത്യാതന്നെ അല്ലാഹു നൽകിയ മഹത്ത്വവും കൂടി ഈ സ്ഥാനത്തിന് പരിഗണിക്കപ്പെട്ടിട്ടുണ്ട് എന്നാണ് ക്വുർആൻ(4:34) പരാമർശത്തിൽ നിന്നും ഗ്രഹിക്കാനാവുന്നത്.

റശീദ് കുട്ടമ്പൂർ
mail@nerpatham.com

കവർ സ്റ്റോറി



# ദേശീയ വിദ്യാഭ്യാസ നയം: ആശയും ആശങ്കകളും

**ഏതൊരു സമൂഹത്തിന്റെയും സംസ്‌കൃതിയുടെ ആധാരശിലയാണ് വിദ്യാഭ്യാസം. കാലികമായ മാറ്റങ്ങൾക്കനുസരിച്ച് അത് പരിഷ്‌കരിക്കേണ്ടതുണ്ട് എന്നതിൽ പക്ഷാന്തരമില്ല. എന്നാൽ രാജ്യത്തിന്റെ പുതിയ നയങ്ങളിലെല്ലാം ഒളിയജണ്ടകൾ ധാരാളം കണ്ടതിനാൽ തന്നെ പൗരന്റെ ആശങ്കകളെ അവഗണിക്കാനാവില്ല. 2020ലെ ദേശീയ വിദ്യാഭ്യാസ നയത്തെ നിഷ്പക്ഷമായി വിലയിരുത്തുകയാണ് ലേഖകൻ.**

വിദ്യാഭ്യാസം ഏതൊരു സമൂഹത്തിന്റെയും പുരോഗതിയുടെ ആധാരശിലയാണ്. ആഗോളതലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കനുസരിച്ച്, കാലികപ്രസക്തമായ മാറ്റങ്ങൾ വിദ്യാഭ്യാസരംഗത്ത് അനിവാര്യമായും നടപ്പാക്കപ്പെടേണ്ടതുണ്ട്. ആ അർഥത്തിൽ ഇന്ത്യയിൽ കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ അംഗീകാരം നൽകിയ പുതിയ വിദ്യാഭ്യാസ നയരേഖ, വിദ്യാഭ്യാസരംഗത്തെ മാറ്റത്തിനുള്ള ഒരു ചുവടുവയ്‌പെന്ന നിലയിൽ ശ്രദ്ധിക്കപ്പെടുക സ്വാഭാവികമാണ്. കാലത്തിന്റെ മുമ്പിൽനടക്കുന്ന ഒരു വിദ്യാഭ്യാസ കാഴ്ചപ്പാടും രീതിശാസ്ത്രവും നമുക്കുണ്ടാവണമെന്നതിൽ പക്ഷാന്തരമില്ല.

രാജ്യത്തിന്റെ ഭാവി നിർണയിക്കുന്നത് വിദ്യാഭ്യാസ പ്രക്രിയയാണ് എന്നതുകൊണ്ട്, കേവല രാഷ്ട്രീയമോ മതപരമോ ആയ താൽപര്യങ്ങൾക്കപ്പുറം ഗൗരവതരമായ പഠനവും പരിശോധനയും ഈ വിഷയത്തിൽ അനിവാര്യമാണ്.


ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു ശേഷം, ക്രാന്തദർശിയായ ചിന്തകൻ ഡോ. അബുൽ കലാം ആസാദിന്റെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച സ്വതന്ത്ര ഇന്ത്യയുടെ വിദ്യാഭ്യാസ മന്ത്രാലയം പിന്നെയങ്ങോട്ടുള്ള കാലങ്ങളിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ പഠനങ്ങൾക്കുവേണ്ടി കമ്മീഷനുകളെ നിയോഗിക്കുകയും അവയെല്ലാം പഠന റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. യൂണിവേഴ്സിറ്റി എഡ്യുക്കേഷൻ കമ്മീഷൻ (1948-1949), സെക്കന്ററി എഡ്യുക്കേഷൻ കമ്മീഷൻ (1952-1953), കോത്താരി കമ്മീഷൻ (1964-1966), ആചാര്യ രാമമൂർത്തി കമ്മീഷൻ (1985-1986) എന്നിവ അവയിൽ പ്രധാനമാണ്.

രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്ത് വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പേര് മാനവശേഷി മന്ത്രാലയം എന്നാക്കി മാറ്റി. പി.വി. നരസിംഹറാവു ആയിരുന്നു അന്ന് വകുപ്പു മന്ത്രി. 1986ൽ നടപ്പാക്കുകയും പിന്നീട് 1992ൽ മാറ്റങ്ങൾ വരുത്തുകയും ചെയ്തതാണ് രാജ്യത്ത് ഇപ്പോൾ നിലവിലുള്ള വിദ്യാഭ്യാസ നയം.

2014ൽ നരേന്ദ്ര മോഡിയുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ കേന്ദ്രത്തിൽ അധികാരത്തിൽ വന്നപ്പോൾ, വിദ്യാഭ്യാസരംഗത്ത് പുതിയ നയം നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അങ്ങനെ കേന്ദ്രകാബിനറ്റ് സെക്രട്ടറിയായിരുന്ന ടി.എസ്.ആർ സുബ്രമണ്യത്തിന്റെ അധ്യക്ഷതയിൽ അഞ്ച് അംഗങ്ങളുള്ള ഒരു ഉദ്യോഗസ്ഥവൃന്ദത്തെ വിദ്യാഭ്യാസ നയരൂപീകരണത്തിന്റെ പ്രാരംഭപ്രവർത്തനത്തിന് ചുമതലപ്പെടുത്തുകയും അവർ 20016 മെയ് 27ന് 230 പേജുള്ള ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ദേശിയ വിദ്യാഭ്യാസ നയം രൂപപ്പെടുത്തേണ്ടത് വിദ്യാർഥികളും വിദ്യാഭ്യാസ വിചക്ഷണരും രാഷ്ട്രീയ-സാമൂഹിക-മത സംഘടനകളുമായെല്ലാം തുറന്ന ചർച്ചകൾ നടത്തിക്കൊണ്ടുള്ള ജനാധിപത്യ പ്രക്രിയയിലൂടെയാവണം എന്ന ശക്തമായ ആവശ്യം അന്നുമുതലേ ഉന്നയിക്കപ്പെട്ടതാണ്. എന്നാൽ ഐ.എസ്.ആർ.ഒ മുൻ ചെയർമാൻ കെ.കസ്തൂരി രംഗൻ ചെയർമാനായ ഒരു സമിതിയെ ദേശിയ വിദ്യാഭ്യാസ നയത്തിന്റെ കരട് തയ്യാറാക്കാൻ സർക്കാർ ചുമതലപ്പെടുത്തുകയും അവർ 2019 മെയ് 31ന് മാനവശേഷി വികസന മന്ത്രാലയത്തിന് കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ റിപ്പോർട്ട് സംബന്ധമായ വിശദാംശങ്ങൾ പുറത്തുവന്നപ്പോൾ വ്യാപകമായ നിർദേശങ്ങളും വിമർശനങ്ങളും ഉയർന്നുവന്നെങ്കിലും ഭരിക്കുന്ന ഗവൺമെന്റിന്റെ സൈദ്ധാന്തികവും രാഷ്ട്രീയവുമായ താൽപര്യങ്ങൾക്കാണ് പരിഗണനയും പ്രാമുഖ്യവും നൽകപ്പെട്ടത് എന്ന് ഇപ്പോൾ പുറത്തുവന്ന നയരേഖ പരിശോധിച്ചാൽ വ്യക്തമാവും. അന്ന് റിപ്പോർട്ടിലെ പല പരാമർശങ്ങളുമായും ബന്ധപ്പെട്ട് വിമർശനങ്ങൾ ഉയർന്നുവന്നപ്പോൾ, 2019 ജൂൺ 1ന് ഗവൺമെന്റിന്റെ പ്രസ്സ് & ഇൻഫർമേഷൻ ബ്യൂറോ പുറത്തുവിട്ട പ്രസ്താവനയിലെ ആദ്യഭാഗം ഇപ്രകാരമായിരുന്നു:

The ministry of Human Resource Development has clarified following in this regard.

1.This is a draft policy submitted by the committee and is placed for views of the general public. It is not the policy announced by the Govt. After getting feedback from general public, and after consulting state Governments, the National Education Policy will be finalised by Government.



എന്നാൽ പാർലമെന്റിൽ ചർച്ചക്കു വെക്കുകയോ പൊതുജനങ്ങളുമായുള്ള ഒരു ഡിബേറ്റിനു സന്നദ്ധമാവുകയോ ചെയ്യാതെ, കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ ധൃതിപിടിച്ചുള്ള ഒരു ചുട്ടെടുക്കലിനു തയ്യാറാവുമ്പോൾ സ്വാഭാവികമായും സർക്കാറിന്റെ ഉദ്ദേശ്യശുദ്ധി ചോദ്യംചെയ്യപ്പെടുന്നതിൽ കുറ്റംപറഞ്ഞിട്ടു കാര്യമില്ല.

ഭരണ വർഗത്തിന്റെ പാർട്ടി വേദികളിൽ, മന്ത്രാലയത്തിന്റെ പേര് പഴയതുപോലെ വിദ്യാഭ്യാസ മന്ത്രാലയം എന്നാക്കിമാറ്റണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിരുന്നു. 2018ൽ ഇന്ദിരാ ഗാന്ധി നേഷനൽ സെന്റർ ഫോർ ആർട്സിന്റെ ചെയർമാനായ റാം ബഹാദൂർ റേ ഇക്കാര്യം പരസ്യമായി ആവശ്യപ്പെടുകയുണ്ടായി. പുതിയ നയം ആ ആവശ്യം അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

ജനാധിപത്യസ്വഭാവം വേണ്ടത്ര പാലിച്ചില്ല എന്ന പോലെത്തന്നെ, രാജ്യത്തിന്റെ ഫെഡറൽ വ്യവസ്ഥയുമായി ബന്ധപ്പെട്ട വിഷയത്തിലും നയരേഖയിലെ നിലപാടുകൾ ആശാവഹമല്ല. ഇന്ത്യൻ നിയമ നിർമാണ ഭരണവ്യവസ്ഥ മൂന്നായി വിഭജിക്കപ്പെട്ടിട്ടുണ്ട്. യൂണിയൻ ലിസ്റ്റ്, സ്റ്റെയിറ്റ് ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ് എന്നിങ്ങനെയാണവ.

ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ ഉൾപ്പെടുന്ന 52 ഇനങ്ങളാണ് കൺകറന്റ് ലിസ്റ്റിലുള്ളത്, കേന്ദ്രത്തിലെയും സംസ്ഥാനത്തിലേയും ഗവൺമെന്റുകൾക്ക് കൂട്ടുത്തരവാദിത്തം വകവച്ചുകൊടുക്കുന്ന ഈ ഇനത്തിൽ ഉൾപ്പെടുന്നതാണ് വിദ്യാഭ്യാസം. 1976ൽ ഭരണഘടനയുടെ 42ാം അമൻമെന്റ് ആക്ട് അനുസരിച്ചാണ് വിദ്യാഭ്യാസം ഉൾപ്പെടെ അഞ്ച് ഇനങ്ങൾ സ്റ്റെയിറ്റ് ലിസ്റ്റിൽനിന്നും കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റപ്പെട്ടത്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഈ കൂട്ടുത്തരവാദിത്തം തുടർന്നുള്ള വിദ്യാഭ്യാസ പുരോഗതിയിൽ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. എന്നാൽ പുതുതായി അവതരിപ്പിക്കപ്പെട്ട നയരേഖ, സംസ്ഥാനത്തിന്റെ അവകാശങ്ങൾ പലതും അമിതമായി അപഹരിച്ചെടുക്കും വിധമാണ്. കരടുനയം സംബന്ധിച്ച് കേരളം നൽകിയ നിർദേശങ്ങൾ ബഹുഭൂരിഭാഗവും അംഗീകരിക്കപ്പെട്ടില്ല എന്ന് ഉത്തരവാദപ്പെട്ടവർതന്നെ വ്യക്തമാക്കുകയുണ്ടായി. ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മൊത്തത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അധികാരം കുടുതൽ അരക്കിട്ടുറപ്പിക്കും വിധമാണ്. എന്നാൽ നിർദിഷ്ട മാറ്റങ്ങൾക്കാവശ്യമായ ഭീമമായ സാമ്പത്തിക ബാധ്യത സംസ്ഥാനങ്ങളുടെ ചുമലിലാണു താനും! കോവിഡ് 19 സൃഷ്ടിച്ച പ്രതിസന്ധിയുടെ ഘട്ടത്തിൽ തന്നെ ഇത്തരത്തിലുള്ള അതി പ്രധാനമായ ഒരു വിഷയം എടുത്തിട്ടത് രാഷ്ട്രീയത്തിലെ 'എസ്കെയ്പ് ഫോർവേഡ്' തന്ത്രത്തിന്റെ ഭാഗമാണെന്ന വിമർശനവും ഉയർന്നുകഴിഞ്ഞു. മിക്ക സംസ്ഥാനങ്ങളുടേയും ധനസ്ഥിതി ഇത്തരത്തിലുള്ള ഒരു പദ്ധതിക്ക് അനുകൂലമായ അവസ്ഥയിലല്ല.

വിദ്യാഭ്യാസ, സാമൂഹിക മേഖലകളിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ അവസ്ഥകൾ തികച്ചും വ്യത്യസ്തമാണ്. കേരളം പോലെയുള്ള സംസ്ഥാനങ്ങൾ അടിസ്ഥാന സൗകര്യ വികസനത്തിൽ താരതമ്യേന മുന്നിലാണ്. എന്നാൽ ഇത്തരം സംസ്ഥാനങ്ങൾക്ക് അടുത്തതിലേക്ക് നീങ്ങുന്നതിനുള്ള പ്രത്യേക പരിഗണനയില്ല. പകരം, പിന്നിലുള്ളവരെയും മുന്നിലേക്കു കൊണ്ടുവരാനുള്ള ശ്രമമാണ് നയരേഖയിൽ വ്യക്തമാക്കുന്നത്.

കേന്ദ്രീകൃതവും സമുലവുമായ ഒരു പരിഷ്കാരമാണ് പുതിയ വിദ്യാഭ്യാസനയം മുന്നോട്ടുവയ്ക്കുന്നത്. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനഘടകം സ്കൂൾ ഘട്ടമാണ്. ഇവിടെ 10+2 സമ്പ്രദായമാണ് നി



ലവിലുള്ളത്. ഇതിനു പകരം 5+3+3+4 സിസ്റ്റമാണ് മുന്നോട്ടുവച്ചിട്ടുള്ളത്. അങ്കണവാടി, നഴ്സറി, 1, 2 ക്ലാസ്സുകൾ ഉൾപ്പെടുന്ന 5 വർഷത്തെ ഫൗണ്ടേഷൻ 3 മുതൽ 5 വരെയുള്ള പ്രിപറേറ്ററി, 6 മുതൽ 8 വരെയുള്ള മിഡിൽ സ്കൂൾ, 9 മുതൽ 12 വരെയുള്ള സെക്കന്ററി എന്നിവയാണ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ നാല് ഘട്ടങ്ങൾ. കൂടാതെ നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം വാഗ്ദാനം ചെയ്യുന്ന വിദ്യാഭ്യാസ അവകാശ നിയമ പ്രകാരമുള്ള പ്രായപരിധി നിലവിലുള്ള 6-14 എന്നതിനു പകരം 3-18 എന്നാക്കിയിരിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വലിയൊരു ഉൽകണ്ഠ നിലനിൽക്കുന്നത് ഇവിടെയാണ്. പ്രീ പ്രൈമറി വിദ്യാഭ്യാസത്തെ സ്കൂളുമായി സമന്വയിപ്പിക്കുമ്പോൾ ആവശ്യമായ ഭൗതിക സൗകര്യങ്ങൾ, പങ്കുവയ്ക്കലിലൂടെ പരിഹരിക്കുക എന്നതിനപ്പുറം വ്യവസ്ഥാപിതവും ശാസ്ത്രീയവുമായ നിർദേശങ്ങൾ ഈ വിഷയത്തിലില്ല എന്നതാണ് നയരേഖയിലെ പ്രധാന ന്യൂനതകളിലൊന്ന്. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത, സാമ്പത്തിക-സാമൂഹിക മേഖലകളിലെ പിന്നാക്ക വിഭാഗങ്ങൾ, മതന്യൂനപക്ഷങ്ങൾ തുടങ്ങി നിലവിലുള്ള വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളെ ഗൗരവമായി സമീപിക്കുന്നതിനു പകരം, കേവല വിവരസാങ്കേതിക മികവിനെ അമിതമായി അവലംബിച്ചുകൊണ്ട് എല്ലാറ്റിനും പരിഹാരം എന്ന സമീപനമാണ് ദൃശ്യമാവുന്നത്.

പ്രാഥമികതലം മുതൽ സൈക്കന്ററിതലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസം സാർവത്രികമാക്കുമെന്നും 2030നകം എല്ലാവർക്കും സ്കൂൾ പ്രവേശനം ഉറപ്പാക്കി രാജ്യം 100% സാക്ഷരത കൈവരിക്കുമെന്നുമാണ് എൻ.ഇ.പി 2020 വ്യക്തമാക്കുന്നത്. 2 കോടി കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുമെന്നും വാഗ്ദാനം ചെയ്യുന്നു. 2025 ആകുമ്പോഴേക്കും സാർവത്രികമായ സാക്ഷരതയും സംഖ്യാബോധവും പ്രൈമറിവിദ്യാലയങ്ങളിൽ മൂന്നാം തരത്തിലെത്തുമ്പോഴേക്കും നടപ്പാക്കാനുള്ള പദ്ധതികളുടെ ചുമതല സംസ്ഥാന ഗവൺമെന്റുകളെ ഏൽപിക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുന്നതിനുവേണ്ടി ക്രോസ് ഡിസ്എബിലിറ്റി ട്രയിനിംഗും റിസോർസ് സെന്ററുകളും സാങ്കേതിക വിദ്യാഭ്യാസ സൗകര്യവും ഒരുക്കുമെന്നും, കുട്ടികളുടെ കലാപരവും കരിയർ സംബന്ധവും വിനോദവുമായി ബന്ധപ്പെട്ടതുമായ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകും വിധത്തിലുള്ള 'ബാലഭവനുകൾ' പ്രത്യേക പകൽ ബോർഡിംഗ് സ്കൂളുകളായി എല്ലാ സംസ്ഥാന/ജില്ല തലങ്ങളിലും നിർമിക്കുമെന്നുമുള്ള വാഗ്ദാനം സ്വാഗതാർഹമാണ്.

പോളിസിയുമായി ബന്ധപ്പെട്ട് ഗൗരവതരമായി ചർച്ചചെയ്യപ്പെടേണ്ട ഒരിനമാണ് ഭാഷാപരമായ വിഷയത്തിലെ നിലപാട്. ഇന്ത്യയിലെ വിദ്യാഭ്യാസരംഗത്ത് എന്നും ചർച്ചയായ വിഷയമാണിത്. 2019 മെയ് മാസത്തിൽ നയരേഖയുടെ കരട് സമർപ്പിക്കപ്പെട്ടപ്പോൾ, ഹിന്ദി നിർബന്ധ ഭാഷയായി നിർദേശം വന്നതിനെതിരെ ശക്തയായ വിമർശനം ഉയർന്നു വന്നപ്പോഴാണ് അത് നീക്കംചെയ്യാൻ തയ്യാറായത്. ഈ വിഷയത്തിൽ അൽപം ചരിത്രം നാം അനുബന്ധമായി മനസ്സിലാക്കുന്നത് നല്ലതാണ്.

ത്രിഭാഷാ പദ്ധതിയുമായി ബന്ധപ്പെട്ട ആദ്യ റെക്കമെന്റേഷൻ 1948-49ലെ യൂനിവേഴ്സിറ്റി എഡ്യുക്കേഷൻ കമ്മീഷനാണ് മുന്നോട്ടുവച്ചത്. അന്ന് ഹിന്ദിക്ക് ഇതര ഭാഷകളായ കന്നഡ, തെലുങ്ക്, തമിഴ്, മറാത്തി, ബംഗാളി, പഞ്ചാബി, മലയാളം തുടങ്ങിയ ഭാഷകളെക്കാൾ സവിശേഷ മേധാവിത്വം ഉണ്ടായിരുന്നില്ലെങ്കിലും ഫെഡറൽ വ്യവസ്ഥയിൽ എല്ലാ സംസ്ഥാനങ്ങളെയും യോജിപ്പിക്കാൻ ഹിന്ദിവഴി സാധിക്കുമെന്ന് അഭിപ്രായമുണ്ടായി. 1964-1966ലെ എഡ്യുക്കേഷൻ കമ്മീഷൻ കുറച്ചുകൂടി വിപുലമായ ഒരു ഫോർമുല മുന്നോട്ടുവച്ചു. ഹിന്ദി സംസാരിക്കുന്ന മേഖലകളിൽ ഹിന്ദിയും ഇംഗ്ലിഷും മൂന്നാമതായി ഒരു ഇന്ത്യൻ ഭാഷയും എന്ന വിധത്തിലും ഇതരമേഖലകളിൽ ഹിന്ദിയും ഇംഗ്ലീഷും അതാതു സ്ഥലത്തെ പ്രാദേശിക ഭാഷയും എന്നതായിരുന്നു ശുപാർശ. 1968ൽ ഇന്ത്യൻ പാർലമെന്റ് ഇതംഗീകരിച്ചു. എന്നാൽ ഈ വിഷയത്തിൽ വ്യാപകമായ എതിർപ്പുണ്ടായി; പ്രത്യേകിച്ചും തമിഴ്നാട്ടിൽനിന്ന്. അന്ന് തമിഴ്നാട് സംസ്ഥാന മുഖ്യമന്ത്രിയായിരുന്ന അണ്ണാദുരൈ തന്നെ അതിന് നേതൃത്വം നൽകി. ഇന്ത്യക്കു പുറത്തുള്ളവരുമായി ലിങ്ക് ചെയ്യുന്ന ഭാഷതന്നെ മതി ഇന്ത്യക്കകത്തും എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. എന്നിട്ടദ്ദേഹം പറഞ്ഞു: 'രണ്ട് ലിങ്കിംഗ് ലാംഗ്വേജ് എന്നത് പൂച്ചക്കു പോകാൻ വലിയ സുഷിരവും പൂച്ചക്കുഞ്ഞിന് പോകാൻ ചെറിയ സുഷിരവും എന്ന വിഡ്ഢിത്തമാണ്.' "What suits the cat will suit the kitten as well'' എന്ന അദ്ദേഹത്തിന്റെ പ്രയോഗം ഏറെ ശ്രദ്ധയാകർഷിച്ചു. പുതിയ കരടുനയരേഖയിലെ ഭാഷാനിലപാടിനെതിരെയും ഏറ്റവും കൂടുതൽ വിമർശനം ഉയർന്നതും തമിഴ്നാട്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽനിന്നായിരുന്നു.

അഞ്ചാം ക്ലാസ്സുവരെയുള്ള പഠനം മാതൃഭാഷ, അല്ലെങ്കിൽ പ്രാദേശികഭാഷ ഉപയോഗപ്പെടുത്തിയാവണം എന്നാണ് പുതിയ പോളിസി ആവശ്യപ്പെടുന്നത്. ഉയർന്ന ക്ലാസ്സുകളിലേക്കും ഇത് ശുപാർശ ചെയ്യുന്നുണ്ട്. ത്രിഭാഷാ പഠനസംവിധാനം ഉൾപ്പെടെ സംസ്‌കൃതത്തെ ഒരു പുതിയ ഓപ്ഷനായി ചേർക്കുകയും സംസ്‌കൃതത്തിന്റെ ബോധനരീതിക്ക് പുതിയ സാങ്കേതിക മാർഗങ്ങൾ ഉപയോഗപ്പെടുത്തുമെന്ന് പ്രത്യേകമായി സൂചിപ്പിക്കുകയും ചെയ്യുന്നു.

സ്‌കൂൾ വിദ്യാഭ്യാസം പ്രാദേശിക ഭാഷയിൽ എന്ന് പറയുമ്പോൾ സ്വാഭാവികമായി അതിന് സ്വീകാര്യത ലഭിച്ചേക്കാം. എന്നാൽ അതിന് ഒരു മറുവശവുമുണ്ട്. ഇന്ത്യയിൽ ബ്രിട്ടീഷ് വൈസ്രോയിയായിരുന്ന മെക്കാളെ പ്രഭുവാണ് ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് അടിത്തറ പാകിയത്. ബ്രിട്ടീഷുകാർക്ക് ഭരണ തലത്തിൽ സഹായകമാവുന്ന ഉദ്യോഗസ്ഥരെ സൃഷ്ടിക്കലായിരുന്നു അതിന്റെ ലക്ഷ്യമെങ്കിലും രാജ്യത്തെ വിദ്യാഭ്യാസ മുന്നേറ്റത്തിലും അതുവഴി സ്വാതന്ത്ര്യസമരത്തിലും ഇത് പങ്കുവഹിക്കുകയുണ്ടായി. എന്നാൽ വിദ്യാഭ്യാസരംഗത്തെ ഈ ആംഗലേയവൽക്കരണം ഇന്ത്യയുടെ സാംസ്‌കാരിക പാരമ്പര്യത്തെ തകിടംമറിക്കുമെന്നാണ് അന്ന് രാജ്യത്തെ ഹിന്ദുത്വശക്തികൾ വാദിച്ചത്. ആ വിശ്വാസത്തിന്റെ തുടർച്ചയാണോ പുതിയ നിലപാടിനു പിന്നിലുമെന്നും സ്വാഭാവികമായും സംശയിക്കപ്പെടാം. ഇന്ത്യയുടെ സാമൂഹിക വ്യവസ്ഥ തികച്ചും ജാതി/വർണ വ്യവസ്ഥയിൽ അധിഷ്ഠിതമാണ്. ഇംഗ്ലീഷ് ഭാഷയിലധിഷ്ഠിതമായ ആധുനിക വിദ്യാഭ്യാസത്തിലൂടെയാണ് അധഃസ്ഥിത സമൂഹത്തിന്റെ മോചനം എന്നാണ് ഡോ.അംബേദ്കർ അഭിപ്രായപ്പെട്ടിരുന്നത്. ഈ കാഴ്ചപ്പാടിൽനിന്ന് നോക്കുമ്പോൾ പരമ്പരാഗത വിദ്യാഭ്യാസത്തിന്റെ തിരിച്ചുവരവ്. പാരമ്പര്യ സാമൂഹിക വ്യവസ്ഥിതിയുടെയും സാംസ്‌കാരികതയുടെയും തിരിച്ചുവരവിന് കാരണമാകുമോ എന്ന ആശങ്ക അസ്ഥാനത്തല്ല.

ആറാം ക്ലാസ്സു മുതൽ തൊഴിൽ പരിശീലനവും ഇന്റേൺഷിപ്പും എന്നതാണ് നയരേഖയിൽ സ്‌കൂൾ വിദ്യാഭ്യാസ സംബന്ധമായ മറ്റൊരു പ്രധാന നിർദേശം. ഗാന്ധിജിയുടെ അടിസ്ഥാന വിദ്യാഭ്യാസം സംബന്ധിച്ച കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞകാല കമ്മീഷനുകൾ എല്ലാം തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെപ്പറ്റി ഊന്നിപ്പറഞ്ഞിട്ടുണ്ട്. നിലവിൽ പത്താംതരം കഴിഞ്ഞശേഷം പരമ്പരാഗത വിദ്യാഭ്യാസം വേണോ പോളിടെക്‌നിക്, ഐ.ടി.ഐ പോലുള്ള സാങ്കേതിക വിദ്യാഭ്യാസം വേണോ എന്ന ഓപ്ഷൻ കുട്ടികളുടെ മുന്നിലുണ്ട്.

എട്ടാം ക്ലാസ്സുവരെയുള്ള അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ ഗണ്യമായഭാഗം അപഹരിക്കപ്പെടുന്നു എന്നു മാത്രമല്ല, നിർബന്ധമായ വൊക്കേഷൻ ട്രയിനിംഗ് എന്നത് തെരഞ്ഞെടുക്കാനുള്ള അവകാശത്തിന്റെ നിഷേധംകൂടിയാണ്. 6ാം ക്ലാസ്സ് മുതൽ തൊഴിൽപരിശീലനം എന്നത് കേൾക്കാൻ ഇമ്പമുള്ളതാണെങ്കിലും സ്‌കൂൾതലത്തിലെ അതിന്റെ പ്രായോഗികത ഏറെ ഗൗരവതരമായ പഠനം അർഹിക്കുന്നു. ചുരുക്കത്തിൽ ഏകീകൃത സ്‌കൂൾ വിദ്യാഭ്യാസം എന്ന നിർണായകമായ തീരുമാനം, എന്തു പഠിക്കണമെന്ന് തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും നഷ്ടപ്പെടുത്തുകയും സർക്കാറിന്റെ നയങ്ങൾ അടിച്ചേൽപിക്കുന്ന അവസ്ഥയുമാണ് സംജാതമാക്കുക. ഇത് ഏറെ രാഷ്ട്രീയവും സാമൂഹികവുമായ മാനങ്ങളുള്ളതാണ്.

കരിക്കുലം പോലെ തന്നെ വിദ്യാഭ്യാസ രംഗത്തെ അതിപ്രധാനമായ ഘടകമാണ് അധ്യാപക പരിശീലനവും അധ്യാപന രീതിയും. പുതിയ സ്‌കൂൾ പാഠ്യപദ്ധതിയും അധ്യാപകർക്കുള്ള പാഠ്യപദ്ധതിയും 2020-21ൽ തന്നെ തയ്യാറാക്കുമെന്നും 2030 ആകുമ്പോൾ സ്‌കൂൾ അധ്യാപകർക്കുള്ള മിനിമം യോഗ്യത 4 വർഷ ഇൻഗ്രേറ്റഡ് ബി.എഡ് ആണെന്നും നയത്തിൽ വ്യക്തമാക്കുന്നു. നിലവിലുള്ള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (TET) പുതിയ സിസ്റ്റപ്രകാരം മാറ്റം വരുത്തുമെന്നും അതാത് വിഷയത്തിലുള്ള ടെസ്റ്റ് അല്ലെങ്കിൽ നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ ടെസ്റ്റ് സ്‌കോറുകളോ നിയമനത്തിന് മാനദണ്ഡമായി സ്വീകരിക്കുമെന്നുമാണ് വിശദീകരണം. മാത്രവുമല്ല ടെറ്റിൽ യോഗ്യതനേടുന്നവർ പ്രാദേശിക ഭാഷയിൽ ഡെമോൺസ്‌ട്രേഷൻ/ഇന്റർവ്യൂ കൂടി യോഗ്യത തെളിയിക്കണമെന്നും അനുബന്ധമായുണ്ട്. ബി.എഡിന്റെ വിഷയത്തിൽ രണ്ട് ഓപ്ഷനുകളുണ്ട്. ബാച്ചിലേഴ്‌സ് ഡിഗ്രിയുള്ളവർക്ക് രണ്ടുവർഷ ബി.എഡ്; എന്നാൽ 4 വർഷത്തെ മൾട്ടീ ഡിസിപ്ലിനറി ബാച്ചിലേഴ്‌സ് ഡിഗ്രിയോ മാസ്റ്റേഴ്‌സ് ഡിഗ്രിയോ ഉള്ളവർക്ക് ഒരു വർഷ ബി.എഡ് കോഴ്‌സ് എന്ന വിധത്തിലാണ് ഓപ്ഷനുകൾ. അധ്യാപകരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യലും നികത്തലും സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ ഡിജിറ്റൽ സമ്പ്രദായത്തിലൂടെയാകണമെന്നും നയരേഖ നിർദേശിക്കുന്നു. **(അവസാനിച്ചില്ല)**

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം




# അറിവുള്ളവരിൽനിന്നും അനുഭവസ്ഥരിൽനിന്നും അടുത്തറിയാം

**കോ**വിഡ് രോഗവ്യാപന തോത് കേരളത്തിൽ നാലക്കം കടന്നു. ആയിരത്തിലധികം രോഗ ബാധിതർ ഒരു ദിവസം റിപ്പോർട്ട് ചെയ്യപ്പെടുന്ന കാഴ്ചയാണ് കഴിഞ്ഞ ഏതാനും ആഴ്ചകളായി നാം കാണുന്നത്. തിരുവനന്തപുരം ജില്ലയിലെ കണക്കുകളാണ് മുന്നിൽ നിൽക്കുന്നത്. ഭരണസിരാ കേന്ദ്രത്തിന് ചുറ്റും രോഗവ്യാപനം ക്രമാതീതമായി വർധിക്കുന്നത് വലിയ ആശങ്കയുളവാക്കുന്നതാണ്. കോവിഡ് പ്രതിരോധത്തിൽ വീഴ്ചയും അലംഭാവവും ഉണ്ടായി എന്ന് മുഖ്യമന്ത്രി തന്നെ തുറന്ന് സമ്മതിക്കുന്ന സാഹചര്യം എത്തി. ഈ വർഷം ജനുവരി മാസം അവസാനമാണ് കേരളത്തിൽ ഇന്ത്യയിലെ ആദ്യത്തെ തന്നെ കോവിഡ് രോഗം റിപ്പോർട്ട് ചെയ്യുന്നത്. ആറുമാസം പിന്നിട്ടിട്ടും രോഗവ്യാപനം നിയന്ത്രിക്കാൻ ആവശ്യമായ സക്രിയമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടായില്ല എന്നതാണ് ഇപ്പോൾ ഇത്രയധികം രോഗികൾ ഉണ്ടാവാനുള്ള കാരണങ്ങളിൽ ഒന്ന്. ടെസ്റ്റുകളുടെ എണ്ണംകൂട്ടി വൈറസ് ബാധിതരെ കണ്ടെത്തി ഐസൊലേറ്റ് ചെയ്യാനും മറ്റു രോഗങ്ങൾ ഉള്ളവർക്ക് ചികിത്സ ലഭ്യമാക്കാനും നിരന്തരം ആവശ്യങ്ങൾ ഉയർന്നിട്ടും കൊറോണ പ്രതിരോധത്തിൽ കേരള മാതൃക എന്ന് പറഞ്ഞുകൊണ്ട് ഫസ്റ്റ് റൗണ്ടിൽ തന്നെ വിജയാരവം മുഴക്കാൻ വ്യഗ്രത കാട്ടുകയായിരുന്നു സർക്കാർ. പ്രവാസികളുടെ വിഷയങ്ങളിൽ അടക്കം പല കാര്യങ്ങളിലും കേവലം വാഗ്ദാനങ്ങളും അവകാശവാദങ്ങളും മാത്രമായിരുന്നു എന്നും യാഥാർഥ്യത്തോട് അടുക്കുമ്പോൾ കൈമലർത്തുന്ന അവസ്ഥയായിരുന്നു എന്നും നമ്മൾ കണ്ടു.

ഇന്നിതാ കാര്യങ്ങൾ രൂക്ഷമായി, രോഗികളുടെ എണ്ണം കൂടുമ്പോൾ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ ഒരുക്കുന്ന തിരക്കിലാണ് ഇപ്പോൾ സർക്കാരും ആരോഗ്യ വകുപ്പും. എല്ലാ പഞ്ചായത്തിലും ഇത്തരം സെന്ററുകൾ തുടങ്ങണം എന്നാണ് സർക്കാർ നിർദേശം. അവിടേക്ക് ആവശ്യമായ ഡോക്ടർമാർ, മറ്റു ജീവനക്കാർ എന്നിവരെ ലഭ്യമാക്കാനും ദ്രുതഗതിയിൽ നടപടികൾ ഉണ്ടാവണം. കമ്യൂണിറ്റി കിച്ചൻ തുടങ്ങുന്നത് പോലെ എളുപ്പമല്ല ഈ സംവിധാനം ഒരുക്കൽ. മറ്റൊന്ന് ടെസ്റ്റുകളുടെ എണ്ണം വർധിപ്പിക്കാൻ സംവിധാനം ഒരുക്കുക എന്നതാണ്. സാമ്പിൾ ശേഖരിച്ച് ഒരാഴ്ചക്ക് ശേഷമാണ് റിസൾട്ട് പുറത്തുവരുന്നത് എന്ന് കഴിഞ്ഞ ദിവസം ഡോക്ടർമാർ തന്നെ ചാനൽ ചർച്ചയിൽ പറയുന്നത് കേട്ടു. അത് രണ്ടോ മൂന്നോ ദിവസം ആയി കുറക്കാൻ ആവശ്യമായ ഉപകരങ്ങളും ജീവനക്കാരും ഉണ്ടായാൽ മാത്രമെ കാര്യങ്ങൾ കൈവിട്ടു പോകാതെ നോക്കാൻ സാധിക്കുകയുള്ളൂ. എല്ലാറ്റിനും വേണ്ടുവോളം സമയം ഉണ്ടായിട്ടും അവസാന മിനുട്ടിൽ കിതയ്ക്കുന്ന സർക്കാർ സമീപനത്തിന് വലിയ വില നൽകേണ്ടിവരും. ഇനിയെങ്കിലും ചടുലമായ നീക്കങ്ങൾ വീഴ്ചയില്ലാതെ ഉണ്ടാവണം. എറണാകുളത്ത് ചികിത്സ കിട്ടാതെ കുട്ടി മരിച്ചത് പോലുള്ള വീഴ്ചകൾ അനാസ്ഥയുടെ ഉദാഹരമാണ്. മൂന്ന് സർക്കാർ ആശുപത്രികളിൽ മാറിമാറി പോയിട്ടും ആ കുഞ്ഞു ജീവൻ പൊലിഞ്ഞു. സർക്കാർ സ്വകാര്യ മേഖലകളെ പൂർണമായും ഉപയോഗപ്പെടുത്തിയാൽ മാത്രമെ കോവിഡ് പ്രതിരോധത്തിൽ വിജയിക്കാൻ സാധിക്കുകയുള്ളൂ. ഒറ്റക്ക് ചാമ്പ്യന്മാരാകാം എന്ന വ്യാമോഹം വെടിയാൻ സർക്കാർ ഇനിയെങ്കിലും തയ്യാറാവണം. കേരളത്തിന്റെ മുഴുവൻ സൗകര്യങ്ങളും പൊതുസമൂഹത്തിന്റെ സഹായവും പിന്തുണയും ഉറപ്പാക്കാൻ ആവശ്യമായ കൂടിയാലോചനയും വിട്ടു വീഴ്ചയും ഔന്നത്യവും സർക്കാർ കാണിക്കണം.

കോവിഡ് വ്യാപനത്തിൽ ഭയപ്പെടേണ്ട സാഹചര്യമില്ല, ഈ വൈറസിനെ ഫലപ്രദമായി പ്രതിരോധിക്കൽ സാധ്യമാണ്' എന്ന് മാസങ്ങളായി ലോകത്തെ വിവിധ പ്രദേശങ്ങൾ തെളിയിച്ചതാണ്. ലോകത്തിലെ ഏറ്റവും വലിയ ഹോട്ട്സ്പോട്ട് എന്ന് വിശേഷിപ്പിക്കപ്പെട്ട മഹാരാഷ്ട്രയിലെ ധാരാവിയിൽ രോഗവ്യാപനം തടയാനായി എന്നത് വലിയ ആത്മവിശ്വാസം നൽകുന്നു. വിദ്യാഭ്യാസ, ഭൗതിക നിലവാരങ്ങളിൽ മുന്നിൽനിൽക്കുന്ന കേരളത്തിന് അത് സാധ്യമാവും. ഭീതിയും അവഗണയുമല്ല മറിച്ച് ബുദ്ധിപൂർവമായ ഉടപെടലാണ് ഈ പ്രതിസന്ധിയെ അതിജയിക്കാൻ നമുക്ക് കരുത്താവേണ്ടത്. വൈറസ് വ്യാപനത്തിൽ ഭീതിതരായി കഴിയേണ്ട ആവശ്യമില്ല, നിസ്സാരവൽക്കരിച്ച് ദുരന്തം വിളിച്ചുവരുത്തുകയും അരുത്. ഈ രോഗത്തെ ഫലപ്രദമായി നേരിട്ട ലക്ഷങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ട്. അവരുടെ അനുഭവങ്ങൾ നമുക്ക് വെളിച്ചമാവണം.

രണ്ട് തരത്തിലുള്ളവരാണ് നമുക്ക് സഹായകമാവുക. ഒന്ന് ആരോഗ്യ വിദഗ്ധരും ഭരണാധികാരികളും അടങ്ങുന്ന അറിവുള്ളവർ. മറ്റൊന്ന് കോവിഡ് രോഗം വന്ന് ഭേദമായ അനുഭവസ്ഥർ. ഈ രണ്ടുവിഭാഗത്തെയും ഉപയോഗപ്പെടുത്തുകയാണ് വിവേകമുള്ളവർ ചെയ്യേണ്ടത്. ആരോഗ്യ പ്രവർത്തകരും സർക്കാരും നിർദേശിക്കുന്ന കാര്യങ്ങൾ മുഖവിലക്കെടുക്കാനും പൂർണമായും അനുസരിക്കാനും നാം തയ്യാറാവണം. ജനങ്ങളെകൂടി വിശ്വാസത്തിലെടുത്തുകൊണ്ടാവണം സർക്കാർ നടപടികൾ എന്ന് ഉറപ്പുവരുത്തണം. അടിച്ചേൽപിക്കുകയല്ല, മറിച്ച് ബോധ്യപ്പെടുത്തി കൂടെനിർത്തുകയാണ് വേണ്ടത്. കേരളം മുഴുവൻ അടച്ചിടേണ്ടതില്ല ആവശ്യമുള്ളിടങ്ങളിൽ നിയന്ത്രണം ഏർപെടുത്തിയാൽ മതി എന്ന സർവകക്ഷി യോഗ തീരുമാനം വിവേകപരമാണ്. ലോകം കൊറോണയെ നേരിട്ട രീതിയാണ് നമ്മളും പിന്തുടരേണ്ടത് എന്ന് സാരം. സർക്കാർ സംവിധാനങ്ങളും മറ്റുള്ളവരിൽനിന്നും അനുഭവത്തിന്റെയും അറിവിന്റെയും വെളിച്ചത്തിൽ ഉപദേശങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. എങ്കിലേ പ്രായോഗിക സമീപനങ്ങൾക്ക് സാധ്യമാവൂ.

കേരളത്തിൽ തന്നെ കോവിഡ് രോഗം വന്ന് മാറിയ നിരവധിപേരുണ്ട്. പ്രവാസലോകത്ത് ഇത്തരം ആയിരക്കണക്കിന് മലയാളി സഹോദരങ്ങൾ ഉണ്ട്. കോവിഡ് ലക്ഷണങ്ങളോടുകൂടിയും അല്ലാതെയുമാണ് ഇവരൊക്കെ രോഗബാധിതരാവുകയും മുക്തിനേടുകയും ചെയ്തത്. അതുകൊണ്ട് തന്നെ രോഗവ്യാപന സമയത്ത് ഇത്തരം ആളുകളുടെ അനുഭവത്തിന്റെ വെളിച്ചത്തിലുള്ള ഉപദേശങ്ങൾ തേടുന്നത് പ്രായോഗിക സമീപനം സ്വീകരിക്കാൻ സഹായകമാവും. കോവിഡ് രോഗിയോട് വെറുപ്പോ വിദ്വേഷമോ കാണിക്കുകയല്ല, മറിച്ച് സാന്ത്വനവും കരുതലും പ്രതീക്ഷാനിർഭരമായ ആശ്വാസവാക്കുകളും അവർക്ക് നൽകുകയാണ് വേണ്ടത്. ശാരീരിക അകലം പാലിക്കുന്നതിനാൽ മാനസിക അടുപ്പത്തിന്റെ തോത് വർധിക്കുക തന്നെ വേണം. മാനസികമായി ചേർത്തു നിർത്താനും സമാശ്വാസം നൽകാനും നാം തയ്യാറാവണം. സമ്പർക്ക രോഗവ്യാപനമാണ് ബഹുഭൂരിപക്ഷവും എന്നതിനാൽ അത്തരം സാഹചര്യങ്ങൾ പാടെ ഇല്ലാതാക്കണം. എന്നാൽ മാനസിക അടുപ്പം കൂടുതൽ ദൃഢമാക്കുകയും വേണം. പ്രത്യേകിച്ച് പ്രായമുള്ളവരുടെയും കുട്ടികളുടെയും നിത്യരോഗികളുടെയും കാര്യങ്ങളിൽ നിതാന്ത ജാ

ഗ്രത അനിവാര്യമാണ്. അങ്ങനെ അറിവുള്ളവരിൽ നിന്നും അനുഭവസ്ഥരിൽനിന്നും അടുത്തറിഞ്ഞ് ഈ പ്രതിസന്ധിയെ നമുക്ക് മറികടക്കാം.

മറ്റൊരു ആശങ്ക എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷ കഴിഞ്ഞ വിദ്യാർഥികളും രക്ഷിതാക്കളും അനുഭവിക്കുന്നതാണ്. ഇനിയെന്ത് എന്ന ചോദ്യം ഉത്തരം കിട്ടാതെയോ തീരുമാനം എടുക്കാൻ സാധിക്കാതെയോ നിൽക്കുന്നു. പരിഹാരമുണ്ടോ? ഉണ്ടെന്നാണ് ഉത്തരം. ഇവിടെയും നമുക്ക് അറിവുള്ളവരെ തേടി പോകാം. ഓരോ വിദ്യാർഥിക്കും അവരുടെ കഴിവുകൾ, ലഭിച്ച മാർക്ക്, സാമ്പത്തിക-കുടുംബ സാഹചര്യം എന്നിവ ഉൾക്കൊണ്ടുകൊണ്ടുള്ള മാർഗനിർദേശം നൽകാൻ അറിവുള്ള പക്വമതികൾക്ക് സാധിക്കും. നമ്മുടെ പരിചയത്തിലുള്ള ഒന്നിലധികം ഇത്തരം ആളുകളോട് ആശങ്കകൾ പങ്കുവയ്ക്കുകയും പരിഹാരം തേടുകയും ചെയ്യുക. ഏതെങ്കിലും ഒരാളുടെ ഉപദേശം മാത്രം കേട്ട് മുന്നോട്ട് പോയാൽ അബദ്ധങ്ങൾ പിണഞ്ഞേക്കാം. അതുകൊണ്ട് ഒന്നിലധികം വിദഗ്ധരുടെ സഹായം തേടുക. നാം പഠിക്കാൻ ആഗ്രഹിക്കുന്ന കോഴ്സ്, കോളേജ് എന്നിവയിൽ നമ്മെ ഗൈഡ് ചെയ്യാവുന്ന പൂർവ വിദ്യാർഥികൾക്ക് പ്രായോഗികമായ ഉപദേശ,നിർദേശങ്ങൾ നൽകാൻ സാധിക്കും. അവരുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ലഭിക്കുന്ന മാർഗനിർദേശങ്ങൾ പ്രായോഗിക തലത്തിൽ നമുക്ക് വലിയ മുതൽക്കൂട്ടാവും. അതുകൊണ്ട് മക്കളുടെ ഭാവിയോർത്ത് രക്ഷിതാക്കളും സ്വന്തം ഭാവിയോർത്ത് വിദ്യാർഥികളും ആശങ്കപ്പെടേണ്ടതില്ല. നമുക്ക് വഴികാണിക്കാൻ പ്രാപ്തരായവർ ചുറ്റുമുണ്ട്. അവരുടെ വാക്കുകൾക്ക് നമുക്ക് കാതോർക്കാം.

കോവിഡിന്റെ പശ്ചാത്തലത്തിൽ അക്കാദമിക കലണ്ടറുകൾ താളംതെറ്റിയെല്ലോ എന്ന ആശങ്കയ്ക്കും അർഥമില്ല. കൊറോണ പ്രതിസന്ധി ലോകം മുഴുവൻ ഉണ്ടായിട്ടുണ്ട്. അത് നമ്മെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല. ലക്ഷക്കണക്കിന് വിദ്യാർഥികളും രക്ഷിതാക്കളും ഈ പ്രതിസന്ധിയിൽ ഉപരിപഠനത്തിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവിക്കാനുള്ളവരാണ്. അതുകൊണ്ട് ഭരണകൂടവും വിദ്യാഭ്യാസവിഭാഗവും ഈ കാര്യത്തിൽ സ്വീകരിക്കുന്ന പ്രായോഗിക സമീപനങ്ങൾക്കും നടപടികൾക്കും കാത്തുനിൽക്കാം. അനാവശ്യ ഭീതികൊണ്ട് ഒന്നും നേടാനില്ല. ശുഭപ്രതീക്ഷ കൈവിടാതെ കാത്തിരിക്കാം.

മനുഷ്യർ എന്ന നിലയിൽ ഇത്തരം വ്യക്തി, കുടുംബ തലങ്ങളിൽ ഉള്ള ധാരാളം പ്രതിസന്ധികൾ നമ്മെ തേടിയെത്തും. മുകളിൽ സൂചിപ്പിച്ചത് നാം ഇപ്പോൾ അനുഭവിക്കുന്ന രണ്ട് പ്രതിസന്ധികൾ മാത്രം. അങ്ങനെ നിരവധി പ്രതിസന്ധികളിലൂടെ കടന്നുപോകേണ്ടവരാണ് ഓരോ മനുഷ്യനും. എന്നാൽ ചിലരെങ്കിലും ഇത്തരം പ്രതിസന്ധികൾക്ക് മുമ്പിൽ പകച്ചുനിൽക്കുകയും മാനസിക സംഘർഷം അനുഭവിക്കുകയും ചെയ്യുന്നു. ചിലർ ജീവിതത്തിൽനിന്ന് തന്നെ ഒളിച്ചോടി രക്ഷപ്പെടാൻ വിഫലശ്രമം നടത്തുന്നു. മനുഷ്യന്റെ അത്രത്തോളം തന്നെ പഴക്കമുണ്ട് അവൻ നേരിടുന്ന പ്രശ്നങ്ങൾക്കും. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഓരോ മനുഷ്യനും നേരിടുന്ന പ്രതിസന്ധികൾക്ക് മുൻമാതൃകകൾ ഉണ്ട്; അല്ലെങ്കിൽ അതേ പ്രശ്നം അനുഭവിച്ച, അനുഭവിച്ചുകൊണ്ടിരിക്കുന്ന നിരവധി പേർ ഈ ലോകത്തുണ്ട്. അതിൽ ബഹുഭൂരിപക്ഷം പേരും ഇത്തരം പ്രതിസന്ധികളെ ഫലപ്രദമായി അതിജീവിച്ചവരാണ്. തളരാതെ പോരാടിയവരാണ്; വിജയം നേടിയവരും.

ജീവിതത്തിൽ വരുന്ന പ്രതിസന്ധികൾക്ക് മുന്നിൽ പകച്ചുനിൽക്കാൻ പാടില്ല. ഈ പ്രതിസന്ധിക്ക് പരിഹാരമുണ്ടെന്ന് ഉറച്ച് വിശ്വസിക്കുകയും ആ പരിഹാരം അനുഭവസ്ഥരിൽനിന്നും അറിവുള്ളവരിൽ നിന്നും തേടുകയും ജീവിതം മുന്നോട്ടുനയിക്കുകയുമാണ് വേണ്ടത്. അവിടെ വികാരവും അവിവേകവും ദുരഭിമാനവും നമ്മെ ഭരിക്കാതെ നോക്കണം. നമ്മെ ആശ്രയിച്ചല്ല ഈ ലോകം നിലനിൽക്കുന്നത്. പക്ഷേ, ഈ ലോകത്തെ ആശ്രയിച്ചാണ് നമ്മുടെ നിലനിൽപ്. അതുകൊണ്ട് തന്നെ നമ്മുടെ അവിവേകം നിറഞ്ഞതും അപക്വവുമായ ഇടപെടലുകൾ നമ്മുടെ നാശത്തിന് ഹേതുവാകും. അത് ലോകക്രമത്തെ മാറ്റിമറിക്കുകയൊന്നുമില്ല. ഏത് പ്രതിസന്ധികളെയും പോസിറ്റീവായും ക്രിയാത്മകമായും ബൗദ്ധികമായും വിവേകപൂർവവും അനുഭവത്തിന്റെ വെളിച്ചത്തിലും നേരിടാനും വിജയം വരിക്കാനും നമുക്ക് സാധിക്കണം.

എല്ലാറ്റിനുമുപരി ലോകസ്രഷ്ടാവായ നാഥനിൽ അചഞ്ചലമായി വിശ്വസിച്ച്, അവനിൽ ഭരമേൽപിച്ച് ജീവിക്കുവാൻ സാധിക്കണം. അവൻ തീരുമാനിച്ചതല്ലാതെ ഒന്നും ഈ ലോകത്ത് സംഭവിക്കുകയില്ല.

"പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ യജമാനൻ. അല്ലാഹുവിന്റെ മേലാണ് സത്യവിശ്വാസികൾ ഭരമേൽപിക്കേണ്ടത്"(ക്വുർആൻ 9:51).

"ഓരോ വ്യക്തിയും മരണം ആസ്വദിക്കുകതന്നെ ചെയ്യും. ഒരു പരീക്ഷണം എന്ന നിലയിൽ തിൻമ നൽകിക്കൊണ്ടും നൻമ നൽകിക്കൊണ്ടും നിങ്ങളെ നാം പരിശോധിക്കുന്നതാണ്. നമ്മുടെ അടുത്തേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും" (ക്വുർആൻ 21:35).

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com



മനുഷ്യൻ ക്വുർആനിൽ 3



# മനുഷ്യ സമത്വം

മനുഷ്യസമൂഹം എക്കാലത്തും അനുഭവിച്ച പല പ്രശ്നങ്ങളിലൊന്നാണ് സാമൂഹ്യഅസമത്വം. വർഗം, വർണം, ഗോത്രം, സമ്പത്ത് തുടങ്ങിയ കാര്യങ്ങളിൽ വേർതിരിവുകളും അതിക്രമങ്ങളുമുണ്ടായി. ഇന്നും അതു തുടരുന്നു.

എന്നാൽ മനുഷ്യനെ ക്വുർആൻ അല്ലാഹുവിന്റെ അടിമ എന്ന ഏകകത്തിലാണ് കാണുന്നത്. എല്ലാവരും അല്ലാഹുവിന്റെ സൃഷ്ടികളാണ്. എല്ലാവർക്കും പല സവിശേഷതകളും അല്ലാഹു നൽകിയതിന്ന് അവൻ പല യുക്തിയും കണ്ടിട്ടുണ്ടാവാം. പരസ്പരം തിരിച്ചറിയാനുള്ള ഒരു ഉപാധിയായി മാത്രം മനുഷ്യൻ അതിനെ മനസ്സിലാക്കിയാൽ മതി. ഭക്തിയോടുകൂടി ജീവിക്കുന്നവരാരോ അവരെയാണ് അല്ലാഹു ഇഷ്ടപ്പെടുക. അവർക്കു മാത്രമാണ് ശാശ്വത രക്ഷ:

“ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു” (ക്വുർആൻ 49:13).

ലിംഗം, വർഗം, വർണം തുടങ്ങിയ പ്രകൃതിദത്തമായ വൈവിധ്യങ്ങൾക്കുപുറമെ സമ്പന്നത, കായികശേഷി, ജ്ഞാനം തുടങ്ങിയ ആർജിതകാര്യങ്ങളിലും മനുഷ്യർക്കിടയിൽ വൈവിധ്യങ്ങളുണ്ട്. അവയെ പരസ്പരം കൈമാറാൻ അല്ലാഹു കൽപിച്ചു.

“...പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു” (ക്വുർആൻ 5:2).

“സത്യവിശ്വാസികളേ, ക്രയവിക്രയമോ സ്നേഹബന്ധമോ ശിപാർശയോ നടക്കാത്ത ഒരു ദിവസം വന്നെത്തുന്നതിനു മുമ്പായി, നിങ്ങൾക്ക് നാം നൽകിയിട്ടുള്ളതിൽനിന്ന് നിങ്ങൾ ചെലവഴിക്കുവിൻ. സത്യനിഷേധികൾ തന്നെയാകുന്നു അക്രമികൾ” (ക്വുർആൻ 2:254).

ഭരണപരമായ ബാധ്യതകൾ, അവകാശങ്ങൾ, നിയമങ്ങൾ, നീതിന്യായ നടപടികൾ, ശിക്ഷാവിധികൾ എന്നീ കാര്യങ്ങളിൽ വർഗ, വർണത്തിന്റെ പേരിലുള്ള അസ്പൃശ്യതകൾ ഇസ്‌ലാം നിരാകരിച്ചു. കറുത്ത അടിമവംശജരും ക്വുറൈശി പ്രമുഖരും റോമൻ, പേർഷ്യൻ സാമ്രാജ്യങ്ങളിലെ കുലപതികളും ഇസ്‌ലാമിലേക്ക് വന്നപ്പോൾ ഒരേതരം പൗരത്വമാണ് നബിﷺ അവർക്ക് അനുവദിച്ചുകൊടുത്തത്. മോഷ്ടിച്ചത് മുഹമ്മദിന്റെ മകളാണെങ്കിൽ പോലും ശിക്ഷ ഒരുപോലെ നടപ്പിലാക്കുമെന്ന് നബിﷺ പ്രഖ്യാപിച്ചത്, ക്വുർആൻ മനുഷ്യനെ എങ്ങനെ കാണുന്നു എന്നതിന്റെ വ്യക്തമായ ഉദാഹരണമാണ്.

### സമ്പത്ത് മനുഷ്യനന്മക്ക്

സമ്പത്ത് അല്ലാഹു നൽകിയ അനുഗ്രഹമാണെന്നും അത് മഹത്ത്വത്തിന്റെ മാനദണ്ഡമല്ലെന്നും ക്വുർആൻ പഠിപ്പിക്കുന്നു. ചരിത്രത്തിൽ വൻശിക്ഷക്ക് വിധേയരായി നാശമടഞ്ഞവരിൽ അധികപേരും വമ്പൻ സമ്പന്നന്മാരായിരുന്നു.


“നിങ്ങളുടെ സമ്പത്തുക്കളും നിങ്ങളുടെ സന്താനങ്ങളുമൊന്നും നമ്മുടെ അടുക്കൽ നിങ്ങൾക്ക് സാമീപ്യമുണ്ടാക്കിത്തരുന്നവയല്ല...”(ക്വുർആൻ 34:37).

മനുഷ്യൻ സമ്പത്തിനോട് അത്യാർത്തി കാണിക്കുന്ന പ്രകൃതക്കാരനാണെന്ന് പറയുന്നതോടൊപ്പം അതിനോട് ഒരു വിശ്വാസിയുടെ നിലപാട് വ്യക്തമായി ക്വുർആൻ വിവരിച്ചിട്ടുണ്ട്:

### 1. സമ്പത്ത് മനുഷ്യർക്ക് പരീക്ഷണമാണ്

“നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണമാണെന്നും അല്ലാഹുവിങ്കലാണ് മഹത്തായ പ്രതിഫലമുള്ളതെന്നും നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക” (ക്വുർആൻ 8:28).

“ഭാര്യമാർ, പുത്രന്മാർ, കൂമ്പാരമായിക്കൂട്ടിയ സ്വർണം, വെള്ളി, മേത്തരം കുതിരകൾ, നാൽകാലി വർഗങ്ങൾ, കൃഷിയിടം എന്നിങ്ങനെ ഇഷ്ടപ്പെട്ട വസ്തുക്കളോടുള്ള പ്രേമം മനുഷ്യർക്ക് അലങ്കാരമായി തോന്നിക്കപ്പെട്ടിരിക്കുന്നു. അതൊക്കെ ഇഹലോകജീവിതത്തിലെ വിഭവങ്ങളാകുന്നു. അല്ലാഹുവിന്റെ അടുക്കലാകുന്നു (മനുഷ്യർക്ക്) ചെന്നുചേരാനുള്ള ഉത്തമസങ്കേതം” (ക്വുർആൻ 3:14).



## 2. സമ്പത്ത് വഴിതെറ്റിക്കും

സമ്പത്തിനെ മനുഷ്യന്റെ 'നിലനിൽപ്' എന്നും 'നന്മ' (ഖൈർ) എന്നും ക്വുർആൻ വിശേഷിപ്പിച്ചിട്ടുണ്ട്:

"അല്ലാഹു നിങ്ങളുടെ നിലനിൽപിന്നുള്ള മാർഗമായി നിശ്ചയിച്ചുതന്നിട്ടുള്ള നിങ്ങളുടെ സ്വത്തുക്കൾ നിങ്ങൾ വിവേകമില്ലാത്തവർക്ക് കൈവിട്ടുകൊടുക്കരുത്..." (ക്വുർആൻ 4:5).

"തീർച്ചയായും അവൻ ധനത്തോടുള്ള സ്നേഹം കഠിനമായവനാകുന്നു" (ക്വുർആൻ 100:8).

എന്നാൽ അത് നാശത്തിലേക്ക് നയിക്കുമെന്ന് താക്കീത് നൽകിയിട്ടുമുണ്ട്: "നിസ്സംശയം മനുഷ്യൻ ധിക്കാരിയായിത്തീരുന്നു. തന്നെ സ്വയം പര്യാപ്തനായി കണ്ടതിനാൽ"(ക്വുർആൻ 96:6-7).

"അബൂലഹബിന്റെ ഇരുകൈകളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു. അവന്റെ ധനമോ അവൻ സമ്പാദിച്ചുവെച്ചതോ അവനു ഉപകാരപ്പെട്ടില്ല''(ക്വുർആൻ 111:1-2).

"കുത്തുവാക്ക് പറയുന്നവനും അവഹേളിക്കുന്നവനുമായ ഏതൊരാൾക്കും നാശം. അതായത് ധനം ശേഖരിക്കുകയും അത് എണ്ണിനോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവന്. അവന്റെ ധനം അവന് ശാശ്വത ജീവിതം നൽകിയിരിക്കുന്നു എന്ന് അവൻ വിചാരിക്കുന്നു" (ക്വുർആൻ 104:1-3).

## 3. പിശുക്ക്, അഹങ്കാരം, നാട്യം

സമ്പത്ത് അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് മാത്രം നേടുന്നതാണ്. അതുകൊണ്ട് തന്നെ അതിന്റെ ഒരു വിഹിതം പാവങ്ങൾക്ക് അവകാശപ്പെട്ടതാണ്. പിശുക്ക് സഹജവാസനയാണെങ്കിലും അതുപേക്ഷിക്കണം.

"...പൊങ്ങച്ചക്കാരനും ദുരഭിമാനിയുമായിട്ടുള്ള ആരെയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല. പിശുക്ക് കാണിക്കുകയും പിശുക്കുകാണിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നവർ" (ക്വുർആൻ 4:36,37).

"അല്ലാഹു അവന്റെ അനുഗ്രഹത്തിൽനിന്ന് തങ്ങൾക്കു തന്നിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അവർക്ക് ദോഷകരമാണത്. അവർ പിശുക്ക് കാണിച്ച ധനംകൊണ്ട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവരുടെ കഴുത്തിൽ മാല ചാർത്തപ്പെടുന്നതാണ്..."(ക്വുർആൻ 3:180).



"അന്യായമായി നിങ്ങൾ അന്യോന്യം സ്വത്തുക്കൾ തിന്നരുത്. അറിഞ്ഞുകൊണ്ടുതന്നെ, ആളുകളുടെ സ്വത്തുക്കളിൽനിന്ന് വല്ലതും അധാർമികമായി നേടിയെടുത്തു തിന്നുവാൻവേണ്ടി നിങ്ങളതുമായി വിധികർത്താക്കളെ സമീപിക്കുകയും ചെയ്യരുത്" (ക്വുർആൻ 2:188).

## 4. സമ്പത്ത് അനുഗ്രഹം, രക്ഷാമാർഗം

നൂഹ് നബി(അ) പറഞ്ഞതായി അല്ലാഹു പറയുന്നു: "അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു. അവൻ നിങ്ങൾക്ക് മഴ സമൃദ്ധമായി അയച്ചുതരും. സ്വത്തുക്കളും സന്താനങ്ങളുംകൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കുകയും, നിങ്ങൾക്കവൻ തോട്ടങ്ങൾ ഉണ്ടാക്കിത്തരികയും നിങ്ങൾക്കവൻ അരുവികൾ ഉണ്ടാക്കിത്തരികയും ചെയ്യും"(ക്വുർആൻ 71:10-12).

"നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർധിപ്പിച്ചുതരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും..." (ക്വുർആൻ 14:7).

"നീ പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് തന്റെ ദാസൻമാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലമാക്കുകയും താൻ ഉദ്ദേശിക്കുന്നവർക്ക് ഇടുങ്ങിയതാക്കുകയും ചെയ്യുന്നതാണ്. നിങ്ങൾ എന്തൊന്ന് ചെലവഴിച്ചാലും അവൻ അതിന് പകരം നൽകുന്നതാണ്. അവൻ ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനത്രെ"(ക്വുർആൻ 34:39).

### 4. ധനസംരക്ഷണം, മിതവ്യയം

"അല്ലാഹു നിങ്ങളുടെ നിലനിൽപിന്നുള്ള മാർഗമായി നിശ്ചയിച്ചുതന്നിട്ടുള്ള നിങ്ങളുടെ സ്വത്തുക്കൾ നിങ്ങൾ വിവേകമില്ലാത്തവർക്ക് കൈവിട്ടുകൊടുക്കരുത്..."(ക്വുർആൻ 4:5).

"ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായമാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ (പരമകാരുണികന്റെ ദാസന്മാർ)" (ക്വുർആൻ 25:67).

ഒരാളുടെ സമ്പത്തിൽ നിന്ന് വർഷത്തിലൊരിക്കൽ തന്റെ ജീവിതച്ചെലവു കഴിഞ്ഞ് മിച്ചമുള്ളതിന്റെ രണ്ടരശതമാനം മാത്രമാണ് നിർബന്ധമായി ദാനംചെയ്യാൻ കൽപനയുള്ളത്. ബാക്കി തൊണ്ണൂറ്റി ഏഴര ശതമാനവും ഉടമക്കുതന്നെയുള്ളതാണ്. എന്നാൽ അനിവാര്യഘട്ടങ്ങളിൽ എത്ര കൂടുതൽ ധർമം ചെയ്താലും വമ്പിച്ച പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു.



"അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴു കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാണ്" (ക്വുർആൻ 2:261).

അല്ലാഹുവിങ്കൽനിന്ന് പുണ്യം പ്രതീക്ഷിച്ച് തന്റെ വിലപിടിച്ച സമ്പത്തിന്റെ മൂന്നിൽ രണ്ടുഭാഗവും ധർമംചെയ്യാൻ ആഗ്രഹം പ്രകടിപ്പിച്ച സഅ്ദ്ബ്നു അബീവക്വാസിﷺനെ അത്രയധികം ധർമം ചെയ്യുന്നത് നബിﷺ നിരുത്സാഹപ്പെടുത്തി. മൂന്നിലൊന്ന് ധർമം ചെയ്യാൻ അനുമതികൊടുത്തു. ധനം തന്റെ ശേഷക്കാർക്ക് കരുതിവെക്കണമെന്നു കൂടി ഈ സംഭവം പഠിപ്പിക്കുന്നുണ്ട്.

### 5. സാമൂഹ്യസുരക്ഷ ധർമത്തിൽകൂടി

നിർബന്ധമായി കൊടുക്കേണ്ട സകാത്തിന്റെ വിഹിതം നിർണയിച്ചതോടൊപ്പം, ഉള്ളവരോട് കയ്യയച്ച് ധർമം ചെയ്യാൻ ക്വുർആൻ ഏറെ പ്രേരണ നൽകി. സത്യസന്ധമായ വിശ്വാസത്തിന്റെ ലക്ഷണമായി അല്ലാഹു ദാനധർമത്തെ വിശേഷിപ്പിച്ചു:

"നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾക്ക് പുണ്യം നേടാനാവില്ല. നിങ്ങൾ ഏതൊരു വസ്തു ചെലവഴിക്കുന്നതായാലും തീർച്ചയായും അല്ലാഹു അതിനെപ്പറ്റി അറിയുന്നവനാകുന്നു"(ക്വുർആൻ 3:92)

ഭക്തജനങ്ങളെ വിശേഷിപ്പിച്ച കൂട്ടത്തിൽ ക്വുർആൻ വിവരിച്ചു: "അവരുടെ സ്വത്തുക്കളിലാകട്ടെ ചോദിക്കുന്നവന്നും (ഉപജീവനം) തടയപ്പെട്ടവന്നും ഒരു അവകാശമുണ്ടായിരിക്കുകയും ചെയ്യും"(ക്വുർആൻ 51:19).

"ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനുള്ളതായിരിക്കെ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതിരിക്കാൻ നിങ്ങൾക്കെന്താണ് ന്യായം? നിങ്ങളുടെ കൂട്ടത്തിൽനിന്നു (മക്കാ) വിജയത്തി



നു മുമ്പുള്ള കാലത്ത് ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തവരും (അല്ലാത്തവരും) സമമാകുകയില്ല. അക്കൂട്ടർ പിന്നീടു ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കുവഹിക്കുകയും ചെയ്തവരെക്കാൾ മഹത്തായ പദവിയുള്ളവരാകുന്നു. എല്ലാവർക്കും ഏറ്റവും നല്ല പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മ ജ്ഞാനമുള്ളവനാണ് അല്ലാഹു"(ക്വുർആൻ 57:10).

### 6. സകാത്ത്, സമ്പത്തിന്റെ ശുദ്ധീകരണം

വ്യക്തിയും സ്രഷ്ടാവും തമ്മിലുള്ള നിത്യബന്ധം നിലനിർത്തുന്ന നമസ്കാരത്തെയും വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം നിലനിർത്തുന്ന സകാത്തിനെയും ഒപ്പമാണ് (നിങ്ങൾ നമസ്കാരം നിലനിർത്തുക, സകാത്ത് കൊടുക്കുക) ക്വുർആനിൽ പല സ്ഥലത്തും പരാമർശിച്ചിട്ടുള്ളത്.

മുസ്‌ലിംകളിലെ സമ്പന്നന്മാരിൽനിന്ന് വാങ്ങി മുസ്‌ലിംകളിലെ ദരിദ്രർക്ക് നൽകുന്ന ഒരു പ്രത്യേക സാമൂഹ്യ സംവിധാനമാണത്. സകാത്ത് നൽകാത്തവന്റെ ഇസ്‌ലാം പൂർണമാവുകയില്ല. ഒരാൾക്ക് സകാത്ത് നിർബന്ധമാവണമെങ്കിൽ വേണ്ട സമ്പത്തിന്റെ പരിധിയും കാലവും സകാത്തിന്റെ നിശ്ചിത വിഹിതവും, അത് നൽകേണ്ട അവകാശികളെയും അല്ലാഹു നിർണയിച്ചിട്ടുണ്ട്. അതിന്റെ പ്രായോഗികരൂപം നബി(സ്വ) വിവരിക്കുകയും ചെയ്തിട്ടുണ്ട്.

"സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു. തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ളവരായ, അനാവശ്യകാര്യത്തിൽനിന്ന് തിരിഞ്ഞുകളയുന്നവരുമായ, സകാത്ത് നിർവഹിക്കുന്നവരുമായ" (ക്വുർആൻ 23:1-4).

"എന്നാൽ അവർ പശ്ചാത്തപിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്നപക്ഷം അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളാകുന്നു. മനസ്സിലാക്കുന്ന ആളുകൾക്കുവേണ്ടി നാം ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു"(ക്വുർആൻ 9:11).

"അവരെ ശുദ്ധീകരിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുകളിൽ നിന്ന് നീ വാങ്ങുകയും അവർക്കുവേണ്ടി (അനുഗ്രഹത്തിന്നായി) പ്രാർഥിക്കുകയും ചെയ്യുക. തീർച്ചയായും നിന്റെ പ്രാർഥന അവർക്ക് ശാന്തിനൽകുന്നതത്രെ. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (ക്വുർആൻ 9:103).

കേവലം ഒരു സാമൂഹ്യസേവനത്തിന്നു വേണ്ടിയുള്ള ഫണ്ടല്ല ഇസ്‌ലാമിലെ സകാത്ത്. അതിന്റെ അവകാശികളായി എട്ടുവിഭാഗത്തെ ക്വുർആൻ പ്രഖ്യാപിച്ചിട്ടുണ്ട്:

"സകാത്ത് മുതലുകൾ (നൽകേണ്ടത്) ദരിദ്രന്മാർക്കും അഗതികൾക്കും അതിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും (ഇസ്‌ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും അടിമകളുടെ (മോചനത്തിന്റെ) കാര്യത്തിലും കടംകൊണ്ട് വിഷമിക്കുന്നവർക്കും അല്ലാഹുവിന്റെ മാർഗത്തിലും വഴിപോക്കന്നും മാത്രമാണ്. അല്ലാഹുവിങ്കൽ നിന്ന് നിശ്ചയിക്കപ്പെട്ടതത്രെ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്" (9:60). **(തുടരും)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 62, ഭാഗം: 2

# ജുമുഅ

(മദീനയിൽ അവതരിച്ചത്)

مَثَلُ ٱلَّذِينَ حُمِّلُوا۟ ٱلتَّوْرَىٰةَ ثُمَّ لَمْ يَحْمِلُوهَا كَمَثَلِ ٱلْحِمَارِ يَحْمِلُ أَسْفَارًۢا ۚ بِئْسَ مَثَلُ ٱلْقَوْمِ ٱلَّذِينَ كَذَّبُوا۟ بِـَٔايَٰتِ ٱللَّهِ ۚ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿٥﴾

قُلْ يَٰٓأَيُّهَا ٱلَّذِينَ هَادُوٓا۟ إِن زَعَمْتُمْ أَنَّكُمْ أَوْلِيَآءُ لِلَّهِ مِن دُونِ ٱلنَّاسِ فَتَمَنَّوُا۟ ٱلْمَوْتَ إِن كُنتُمْ صَٰدِقِينَ ﴿٦﴾

وَلَا يَتَمَنَّوْنَهُۥٓ أَبَدًۢا بِمَا قَدَّمَتْ أَيْدِيهِمْ ۚ وَٱللَّهُ عَلِيمٌۢ بِٱلظَّٰلِمِينَ ﴿٧﴾

قُلْ إِنَّ ٱلْمَوْتَ ٱلَّذِى تَفِرُّونَ مِنْهُ فَإِنَّهُۥ مُلَٰقِيكُمْ ۖ ثُمَّ تُرَدُّونَ إِلَىٰ عَٰلِمِ ٱلْغَيْبِ وَٱلشَّهَٰدَةِ فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿٨﴾

5. തൗറാത്ത് സ്വീകരിക്കാൻ ചുമതല ഏൽപിക്കപ്പെടുകയും, എന്നിട്ട് അത് ഏറ്റെടുക്കാതിരിക്കുകയും ചെയ്തവരുടെ (യഹൂദരുടെ) ഉദാഹരണം ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയുടേത് പോലെയാകുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചു കളഞ്ഞ ജനങ്ങളുടെ ഉപമ എത്രയോ ചീത്ത! അക്രമികളായ ജനങ്ങളെ അല്ലാഹു സൻമാർഗത്തിലാക്കുകയില്ല.

6. (നബിയേ,) പറയുക: തീർച്ചയായും യഹൂദികളായുള്ളവരേ, മറ്റു മനുഷ്യരെ കൂടാതെ നിങ്ങൾ മാത്രം അല്ലാഹുവിന്റെ മിത്രങ്ങളാണെന്ന് നിങ്ങൾ വാദിക്കുകയാണെങ്കിൽ നിങ്ങൾ മരണം കൊതിക്കുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ.

7. എന്നാൽ അവരുടെ കൈകൾ മുൻകൂട്ടി ചെയ്തുവെച്ചതിന്റെ ഫലമായി അവർ ഒരിക്കലും അത് കൊതിക്കുകയില്ല. അല്ലാഹു അക്രമകാരികളെപ്പറ്റി അറിവുള്ളവനാകുന്നു.

8. (നബിയേ,) പറയുക: തീർച്ചയായും ഏതൊരു മരണത്തിൽ നിന്ന് നിങ്ങൾ ഓടി അകലുന്നുവോ അത് തീർച്ചയായും നിങ്ങളുമായി കണ്ടുമുട്ടുന്നതാണ്. പിന്നീട് അദൃശ്യവും, ദൃശ്യവും അറിയുന്നവന്റെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയും ചെയ്യും. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ പറ്റി അവൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്.

5). നിരക്ഷരനായ നബിയെ നിയോഗിച്ച് ഈ സമുദായത്തിന് ചെയ്ത അനുഗ്രഹത്തെ കുറിച്ച് പറയുന്നു: സ്ഥാനത്തിലും സവിശേഷതകളിലും അവർക്ക് മാത്രം ചില പ്രത്യേകതകളുണ്ട്. അത വർക്ക് മാത്രമാണ്. ആ സ്ഥാനങ്ങളാകട്ടെ, പിന്നീ ടൊരാൾക്കും എത്തിപ്പെടാനാകാത്തതാണ്. അവർ മുൻകാലക്കാരെയും പിൽക്കാലക്കാരെയും മുൻ കടന്ന നിരക്ഷര സമൂഹമാണ്. വേദക്കാരെപ്പോലും മുൻകടന്നവർ. അവരാകട്ടെ ദൈവത്തിന്റെ നിഷ് കളങ്കരായ ദാസന്മാരായ പണ്ഡിതന്മാരും മുന്തിയ പുരോഹിതന്മാരുമാണെന്ന് വാദിക്കുന്നവരാണ്.

ജൂതന്മാരെ തൗറാത്ത് വഹിപ്പിച്ചു. അതുപോ ലെ തന്നെ ക്രിസ്ത്യാനികൾക്കും വേദം നൽകി. എന്നിട്ട് അത് പഠിക്കാനും പ്രവർത്തിക്കാനും നിർ ദേശിക്കുകയും ചെയ്തു. എന്നാലവർ അത് ഏ റ്റെടുക്കുകയോ നിർവഹിക്കുകയോ ചെയ്തില്ല. അ തിനാൽ തന്നെ അവർക്കൊരു മഹത്വവും തന്നെ യില്ല. അവരുടെ ഉപമ കഴുതയുടെ ഉപമയാണ്. അത് അതിന്റെ മുതുകിൽ വൈജ്ഞാനിക ഗ്രന്ഥ ങ്ങൾ ചുമക്കുന്നു. എന്നാൽ തന്റെ പുറത്തുള്ള ആ ഗ്രന്ഥങ്ങളെക്കൊണ്ട് അവക്ക് വല്ല പ്രയോജനവും ലഭിക്കുമോ? അതുമൂലം വല്ല മഹത്വവും അവക്കു ണ്ടാകുമോ? അതോ അത് ചുമക്കൽ മാത്രമോ? ഇതാണ് വേദപണ്ഡിതന്മാരുടെ ഉപമ.

ക്വുർആനിൽ നിന്ന് മുഹമ്മദ് നബിﷺ കൊണ്ടു വന്നത് വിശ്വസിക്കാനും അദ്ദേഹത്തെ പിൻപറ്റാ നും കൽപിക്കുകയും അദ്ദേഹത്തെ കുറിച്ച് സ ന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്ന തൗ റാത്തിലുള്ളത് അവർ പ്രവർത്തിച്ചില്ല. തൗറാ ത്തിൽ നിന്ന് അവർക്ക് കിട്ടിയ പ്രയോജനം നഷ്ട വും പരാജയവും അവർക്കെതിരായുള്ള തെളിവും മാത്രമാണ്. അവരുടെ അവസ്ഥക്ക് ഏറ്റവും യോ ജിക്കുന്ന ഉദാഹരണം ഇത് തന്നെയാണ്. (അല്ലാ ഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചുകളഞ്ഞ ജ നങ്ങളുടെ ഉപമ എത്രയോ ചീത്ത). പ്രവാചക ന്റെയും അദ്ദേഹം കൊണ്ടുവന്നതിന്റെയും സത്യ തയെ അറിയിക്കുന്ന ദൃഷ്ടാന്തങ്ങളെ (അക്രമിക ളായ ജനങ്ങളെ അല്ലാഹു സന്മാർഗത്തിലാക്കുക യില്ല). അക്രമസ്വഭാവവും ധിക്കാരവും ഉള്ളിടത്തോ ളം കാലം ഒരു നന്മയിലും അവർക്കവൻ വഴികാ ണിക്കുകയില്ല.

ജൂതന്മാരുടെ അക്രമത്തിലും ധിക്കാരത്തിലും പെട്ട കാര്യമാണ് അവർ അസത്യത്തിലാണെന്ന് അറിയുകയും സത്യത്തിലാണെന്ന് വാദിക്കുകയും ചെയ്യുന്നു എന്നത്. മാത്രമല്ല, അവർ മറ്റു മനുഷ്യരെ കൂടാതെ അവർ അല്ലാഹുവിന്റെ മിത്രങ്ങളാണെന്ന് പറയുന്നു. അതുകൊണ്ടാണ് അല്ലാഹു നബിﷺ യോട് അവരോടായി പറയാൻ കൽപിച്ചത്: 'നിങ്ങ ളുടെ വാദപ്രകാരം നിങ്ങൾ സത്യത്തിൽ നിലകൊ




ള്ളുന്നവരും അല്ലാഹുവിന്റെ മിത്രങ്ങളുമാണെന്നത് സത്യമാണെങ്കിൽ (നിങ്ങൾ മരണം കൊതിക്കുക) ഇതൊരു നിസ്സാര കാര്യമാണ്. കാരണം അവർ സത്യത്തിലാണെന്ന് മനസ്സിലാക്കുന്നവെങ്കിൽ അ ല്ലാഹു അവരുടെ സത്യസന്ധതതക്ക് തെളിവായി പ്പറഞ്ഞ ഈ വെല്ലുവിളി അവർ സ്വീകരിക്കണം. അതായത് മരണം ആഗ്രഹിക്കണം. അല്ലെങ്കിൽ കളവാണെന്നർഥം.

7). ഇങ്ങനെ പരസ്യമായി ആവശ്യപ്പെട്ടിട്ടും അ തുണ്ടായില്ലെങ്കിൽ അവർ അസത്യത്തിലും കുഴ പ്പത്തിലുമാണെന്ന് വ്യക്തമാണ്. അതിനാൽ അ ല്ലാഹു പറയുന്നു: (എന്നാൽ അവരുടെ കൈകൾ മുൻകൂട്ടി ചെയ്തുവെച്ചതിന്റെ ഫലമായി അവർ ഒരിക്കലും അത് കൊതിക്കുകയില്ല). തെറ്റുകുറ്റങ്ങ ളാൽ മരണത്തെ അവർ ഭയപ്പെടുന്നത് നിമിത്തം (അല്ലാഹു അക്രമകാരികളെപ്പറ്റി അറിയുന്നവനാ കുന്നു). അവരുടെ അക്രമങ്ങളിൽ നിന്നൊന്നും അ വനിൽ നിന്ന് മറച്ചുവെക്കുക സാധ്യമല്ല.

8). അവരുടെ കൈകൾ മുൻകൂട്ടി ചെയ്തുവെ ച്ചതിന്റെ ഫലമായി അവർ മരണത്തെ ആഗ്രഹി ക്കുന്നില്ലെന്ന് മാത്രമല്ല, അതിൽ നിന്ന് വളരെ ദൂരം ഓടിയകലുകയും ചെയ്യുന്നു. അതൊന്നും അവരെ രക്ഷപ്പെടുത്തില്ല. അടിമകൾക്ക് അല്ലാഹു നിർബന്ധ മാക്കിയ മരണം അവരെ കണ്ടുമുട്ടുക തന്നെ ചെയ്യും. പിന്നീട് മരണത്തിനു ശേഷം അവധി പൂർത്തിയാ ക്കി കഴിഞ്ഞാൽ സൃഷ്ടികളെല്ലാം ഉയിർത്തെഴു ന്നേൽപു നാളിൽ ദൃശ്യം, അദൃശ്യങ്ങൾ അറിയു ന്നവനിലേക്ക് മടക്കപ്പെടും. അപ്പോൾ അവർ പ്ര വർത്തിച്ച നന്മ തിന്മകളിൽ ചെറുതും വലുതുമെ ല്ലാം അവർക്ക് അറിയിച്ചു കൊടുക്കും.

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള മെഗാ ഓൺലൈൻ ക്വിസ് മത്സരം

# നേർപഥം MEGA Online Quiz



zameel
the soulmate

## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 186 - ചോദ്യങ്ങൾ

1) ................. ൽ ഭരണഘടനയുടെ 42ാം അമൻമെന്റ് ആക്ട് അനുസരിച്ചാണ് വിദ്യാഭ്യാസം ഉൾപ്പെടെ അഞ്ച് ഇനങ്ങൾ സ്റ്റെയിറ്റ് ലിസ്റ്റിൽനിന്നും കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റപ്പെട്ടത്.

(1) 1948 (2) 1967 (3) 1976

2) 'രണ്ട് ലിങ്കിംഗ് ലാഗ്വേജ് എന്നത് പൂച്ചക്കു പോകാൻ വലിയ സുഷിരവും പൂച്ചക്കുഞ്ഞിന് പോകാൻ ചെറിയ സുഷിരവും എന്ന വിഡ്ഢിത്തമാണ്' എന്നു പറഞ്ഞത്?

(1) അണ്ണാദുരൈ (2) കെ. കരുണാകരൻ (3) കരുണാനിധി

3) "നിങ്ങളുടെ സമ്പത്തുക്കളും നിങ്ങളുടെ സന്താനങ്ങളുമൊന്നും നമ്മുടെ അടുക്കൽ നിങ്ങൾക്ക് സാമീപ്യമുണ്ടാക്കിത്തരുന്നവയല്ല..."(ക്വുർആൻ .................).

(1) 47:33 (2) 34:37 (3) 37:34

4) "അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട്പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു. അവൻ നിങ്ങൾക്ക്മഴ സമൃദ്ധമായി അയച്ചുതരും. സ്വത്തുക്കളും സന്താനങ്ങളുംകൊണ്ട്നിങ്ങളെ അവൻ പോഷിപ്പിക്കുകയും, നിങ്ങൾക്കവൻ തോട്ടങ്ങൾ ഉണ്ടാക്കിത്തരികയും നിങ്ങൾക്കവൻ അരുവികൾ ഉണ്ടാക്കിത്തരികയും ചെയ്യും"(ക്വുർആൻ 71:10-12). ഇതിൽ പറഞ്ഞ ഞാൻ ആരാണ്?

(1) അല്ലാഹു (2) നൂഹ് നബി(അ) (3) മൂസാനബി(അ)

5) ഒരാളുടെ സമ്പത്തിൽനിന്ന് വർഷത്തിലൊരിക്കൽ തന്റെ ജീവിതച്ചെലവു കഴിഞ്ഞ് മിച്ചമുള്ളതിന്റെ ................. ശതമാനം മാത്രമാണ് നിർബന്ധമായി ദാനംചെയ്യാൻ കൽപനയുള്ളത്.

(1) പത്ത് (2) ഇരുപത് (3) രണ്ടര

6) ................. പറഞ്ഞു: "താങ്കളുടെ രഹസ്യം താങ്കളുടെ ബന്ധിയാകുന്നു. പ്രസ്തുത രഹസ്യം താങ്കൾ പറഞ്ഞുപോയാൽ താങ്കൾ അതിന്റെ ബന്ധിയായി."

(1) അലിയ്യ് ഇബ്നു അബീത്വാലിബ്(റ) (2) ഇബ്നു ഉമർ(റ) (3) അനസ്(റ)

7) "...മറ്റു മനുഷ്യരെ കൂടാതെ നിങ്ങൾമാത്രം അല്ലാഹുവിന്റെ മിത്രങ്ങളാണെന്ന് നിങ്ങൾ വാദിക്കുകയാണെങ്കിൽ നിങ്ങൾ മരണം കൊതിക്കുക; നിങ്ങൾ സത്യവാൻമാരാണെങ്കിൽ" (ക്വുർആൻ 62:6). ഇത് ആരോട് പറയുന്നതാണ്?

(1) മജൂസികളോട് (2) സാബിഉകളോട് (3)യഹൂദികളോട്

8) ശൈഖ് ദിയാഉർറഹ്മാൻ അഅ്ദ്വമി ജനിച്ച സംസ്ഥാനം?

(1) ഉത്തർപ്രദേശ് (2) ആസാം (3) മഹാരാഷ്ട്ര

9) ശൈഖ് ദിയാഉർറഹ്മാൻ അഅ്ദ്വമിയുടെ ആദ്യത്തെ പേര്?

(1) ഭജൻ ലാൽ (2) രാം ലാൽ (3) ബൻകി ലാൽ

10) സ്ത്രീകൾക്ക് ന്യായപ്രകാരം അവകാശങ്ങളുണ്ട് എന്നു പറയുന്ന ക്വുർആൻ സൂക്തം?

(1) 2:228 (2) 28:28 (3) 2:255

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 35 നോക്കുക

അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com

ലേഖനം



# രഹസ്യം സൂക്ഷിക്കലും കോപം അടക്കിവെക്കലും

## ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 29

സൂക്ഷിക്കപ്പെടേണ്ട രഹസ്യങ്ങൾ മനസ്സിൽ കരുതലും സൂക്ഷിക്കലും അനിവാര്യവും മഹത്തരവും ഫലപ്രദവുമാണ്. യൂസുഫ് നബി(അ) ദർശിച്ച സ്വപ്നം പിതാവ് യഅ്ക്വൂബി(അ)ന്റെ ആജ്ഞപ്രകാരം അദ്ദേഹം രഹസ്യമാക്കിയതിനെക്കുറിച്ച് അല്ലാഹു പറയുന്നു:

“(പിതാവ്) പറഞ്ഞു: എന്റെ കുഞ്ഞുമകനേ, നിന്റെ സ്വപ്നം നീ നിന്റെ സഹോദരൻമാർക്ക് വിവരിച്ചു കൊടുക്കരുത്. അവർ നിനക്കെതിരെ വല്ല തന്ത്രവും പ്രയോഗിച്ചേക്കും. തീർച്ചയായും പിശാച് മനുഷ്യന്റെ പ്രത്യക്ഷശത്രുവാകുന്നു” (ക്വുർആൻ 12:05).

തന്റെ സത്യവിശ്വാസ സ്വീകരണം രഹസ്യമാക്കിയ ഫിർഔൻ കുടുംബത്തിലെ വിശ്വാസിയെക്കുറിച്ച് അല്ലാഹു പറയുന്നു: “ഫിർഔന്റെ ആൾക്കാരിൽപെട്ട -തന്റെ വിശ്വാസം മറച്ചു വെച്ചുകൊണ്ടിരുന്ന-ഒരു വിശ്വാസിയായ മനുഷ്യൻ പറഞ്ഞു: എന്റെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുന്നതിനാൽ നിങ്ങൾ ഒരു മനുഷ്യനെ കൊല്ലുകയോ? അദ്ദേഹം നിങ്ങൾക്ക് നി

ങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള വ്യക്തമായ തെളിവുകൾ കൊണ്ടുവന്നിട്ടുണ്ട്. അദ്ദേഹം കള്ളംപറയുന്നവനാണെങ്കിൽ കള്ളംപറയുന്നതിന്റെ ദോഷം അദ്ദേഹത്തിനു തന്നെയാണ്. അദ്ദേഹം സത്യം പറയുന്നവനാണെങ്കിലോ, അദ്ദേഹം നിങ്ങൾക്ക് താക്കീതുനൽകുന്ന ചിലകാര്യങ്ങൾ (ശിക്ഷകൾ)നിങ്ങളെ ബാധിക്കുകയും ചെയ്യും. അതിക്രമകാരിയും വ്യാജവാദിയുമായിട്ടുള്ള ഒരാളെയും അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച"(ക്വുർആൻ 40:28).

രഹസ്യങ്ങൾ സൂക്ഷിക്കുന്നതിന്റെ അനിവാര്യതയെ അറിയിക്കുന്ന ഏതാനും തിരുമൊഴികൾ കാണുക:

അബൂസഈദി ﷺൽനിന്ന് നിവേദനം; തിരുനബിﷺ പറഞ്ഞു: "അന്ത്യനാളിൽ അല്ലാഹുവിങ്കൽ ഏറ്റവും മോശമായ സ്ഥാനമുള്ളവൻ തന്റെ ഭാര്യയിലേക്ക് കൂടിച്ചേരുകയും ഭാര്യ അയാളിലേക്ക് കൂടിച്ചേരുകയും ചെയ്തതിൽ പിന്നെ അവളുടെ രഹസ്യങ്ങൾ പരസ്യമാക്കുന്ന വ്യക്തിയാണ്"(മുസ്‌ലിം).

ജാബിർ ഇബ്നു അബ്ദുല്ല ﷺയിൽ നിന്ന് നിവേദനം; തിരുദൂതർﷺ പറഞ്ഞു: "ഒരാൾ ഒരു വാർത്ത പറയുകയും (മറ്റാരും കേൾക്കരുതെന്ന നിലക്ക്) അനന്തരം തിരിഞ്ഞുനോക്കുകയും ചെയ്താൽ അത് അമാനത്താണ്. (പരസ്യം ചെയ്യുവാൻ പാടില്ലാത്തതാണ്"(സുനനു അബീദാവൂദ്. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചു).

അഥവാ ആരും കേൾക്കരുതെന്ന് നിനച്ച് ഇടവും വലവും നോക്കി ഒരാൾ മറ്റൊരാളോട് സംസാരിച്ചാൽ പ്രസ്തുത സംസാരം സൂക്ഷിപ്പുസ്വത്തുപോലെ സൂക്ഷിക്കപ്പെടേണ്ട രഹസ്യമാണ്. അത് ഒരിക്കലും പരസ്യപ്പെടുത്താവതല്ല. ഏതാനും ചരിതങ്ങൾ ഇത്തരുണത്തിൽ ശ്രദ്ധേയമാണ്:

ഹഫ്സ്വ ബിൻത് ഉമറി ﷺന്റെ ഭർത്താവ് ഖുനെയ്സ് ഇബ്നുഹുദാഫ മരണപ്പെട്ടതിൽ പിന്നെ വിധവയായ ഹഫ്സ്വ ﷺയെ വിവാഹം കഴിപ്പിക്കുവാൻ ഉമർﷺ ഉസ്മാൻﷺവിനോട് സംസാരിച്ചു. ഉസ്മാൻﷺ അഭ്യർഥന നിരസിച്ചു. ഉമർﷺ അബൂബകറിﷺനോട് അഭ്യർഥിച്ചു. എന്നാൽ അദ്ദേഹവും മൗനം ഭജിച്ചു; ഒന്നും പ്രതികരിച്ചില്ല. ഉസ്മാനോﷺടുള്ളതിനെക്കാൾ വിഷമം ഉമറിﷺനു അബൂബകറിﷺനോടുണ്ടായിരുന്നു. പിന്നീട് ഹഫ്സ്വﷺയെ തിരുദൂതർﷺ വിവാഹം കഴിച്ചു. ഉമർﷺ പറയുന്നു: 'അബൂബകർ അതിൽപിന്നെ എന്നെ കണ്ടുമുട്ടി. അദ്ദേഹം പറഞ്ഞു: ഹഫ്സ്വയെ വിവാഹം കഴിക്കുവാൻ എന്നോടഭ്യർഥിച്ച വേളയിൽ ഞാൻ താങ്കോളോട് ഒന്നും പ്രതികരിക്കാത്തതിൽ ഒരുവേള താങ്കൾക്ക് എന്നോട് വിഷമം തോന്നിയേക്കും.' ഞാൻ പറഞ്ഞു: 'അതെ. എന്നാൽ താങ്കൾ എന്നോട് അഭ്യർഥിച്ചതിനോട് പ്രതികരിക്കുവാൻ എനിക്ക് തടസ്സമായത് അല്ലാഹുവിന്റെ തിരുദൂതർﷺ ഹഫ്സ്വയെ അനുസ്മരിക്കുന്നത് ഞാൻ അറിഞ്ഞിരുന്നു എന്നതാണ്. ആയതിനാൽ തിരുദൂതരുടെ രഹസ്യം പരസ്യപ്പെടുത്തുന്നവനല്ല ഞാൻ. ഹഫ്സ്വﷺയെ തിരുമേനി വിവാഹം കഴിച്ചില്ലായിരുന്നുവെങ്കിൽ ഞാൻ അവരെ സ്വീകരിക്കുമായിരുന്നു" (ബുഖാരി).

അനസ്ﷺ പറയുന്നു: "ഞാൻ കുട്ടികളോടൊത്ത് കളിച്ചുകൊണ്ടിരിക്കെ അല്ലാഹുവിന്റെ തിരുദൂതർﷺ എന്റെ അടുക്കൽ വന്നു. അവിടുന്ന് ഞങ്ങളോട് സലാം പറയുകയും എന്നെ ഒരു ആവശ്യത്തിനായി അയക്കുകയും ചെയ്തു. അതിനാൽ ഞാൻ ഉമ്മയുടെ അടുത്തെത്തുവാൻ വൈകി. ഞാൻ വന്നപ്പോൾ ഉമ്മ ചോദിച്ചു: 'നിന്നെ വൈകിപ്പിച്ചത് എന്ത്?' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതർ എന്നെ ഒരു ആവശ്യത്തിനായി അയച്ചു.' ഉമ്മ ചോദിച്ചു: 'എന്തായിരുന്നു തിരുമേനിﷺയുടെ ആ



വശ്യം?' ഞാൻ പ്രതികരിച്ചു: 'അത് രഹസ്യമാണ്.' ഉമ്മ പറഞ്ഞു: തിരുദൂതരുടെ രഹസ്യം ആരോടും പറഞ്ഞു പോകരുത്.' അനസ്ؓ പറയുന്നു: 'സാബിത്, അല്ലാഹുവാണേ, വല്ലവരോടും ഞാൻ അത് പറഞ്ഞിരുന്നുവെങ്കിൽ താങ്കളോട് ഞാൻ അത് പറയുമായിരുന്നു"(മുസ്‌ലിം).

അലിയ്യ് ഇബ്നു അബീത്വാലിബ്ؓ പറഞ്ഞു: "താങ്കളുടെ രഹസ്യം താങ്കളുടെ ബന്ധിയാകുന്നു. പ്രസ്തുത രഹസ്യം താങ്കൾ പറഞ്ഞുപോയാൽ താങ്കൾ അതിന്റെ ബന്ധിയായി.''

ഉമർ ഇബ്നു അബ്ദിൽഅസീസ്(റഹി) പറഞ്ഞു: "ഹൃദയങ്ങൾ രഹസ്യങ്ങളുടെ സൂക്ഷിപ്പു സ്ഥലങ്ങളാകുന്നു. ചുണ്ടുകൾ അവയുടെ പൂട്ടുകളും നാവുകൾ താക്കോലുകളുമാകുന്നു. അതിനാൽ ഓരോ മനുഷ്യനും തന്റെ രഹസ്യത്തിന്റെ താക്കോൽ കാത്തുസൂക്ഷിക്കട്ടെ."

ഇമാം ഹസനുൽബസ്വരി(റഹി) പറഞ്ഞു:"താങ്കളുടെ സഹോദരന്റെ രഹസ്യം പരസ്യമാക്കൽ വഞ്ചനയാകുന്നു."

(മുകളിൽ നൽകിയ മഹദ്വചനങ്ങൾ ഇമാം മാവർദിയുടെ 'അദബുദ്ദുൻയാ വദ്ദീൻ' എന്ന ഗ്രന്ഥത്തിൽ നിന്നുള്ള താണ്).

ഉത്തമഗുണങ്ങളിൽ പെട്ടതാണ്. ഈ മഹത്തായ സ്വഭാവം വിശ്വാസിക്ക് ഇഹപര നേട്ടങ്ങളാണ് സമ്മാനിക്കുന്നത്. അല്ലാഹു പറഞ്ഞു:

"നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും ആകാശ ഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്. (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമങ്ങൾ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും, മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്കുവേണ്ടി. (അത്തരം) സൽകർമകാരികളെ അല്ലാഹു സ്നേഹിക്കുന്നു" (ക്വുർആൻ 3:134)

അബൂഹുറയ്റؓയിൽനിന്ന് നിവേദനം. നബിﷺ പറഞ്ഞു: "ഗുസ്തിയിൽ തള്ളിയിടുന്നവനല്ല മല്ലൻ; കോപം വരുമ്പോൾ ആത്മനിയന്ത്രണമുള്ളവൻ മാത്രമാണു മല്ലൻ"(മുസ്‌ലിം).

കോപം അടക്കുന്നവർക്ക് പിശാചിനെ തോൽപിക്കുവാനും അതിജയിക്കുവാനും സാധിക്കും. ഒരു സംഭവം ഇപ്രകാരം നിവേദനം ചെയ്യപെട്ടിട്ടുണ്ട്.

അനസിؓൽനിന്ന് നിവേദനം: "അല്ലാഹുവിന്റെ റസൂൽﷺ ഗുസ്തിപിടിക്കുന്ന ഒരു വിഭാഗത്തിനരികിലൂടെ നടന്നു. തിരുദൂതർ ചോദിച്ചു: 'ഇത് എന്താണ്?' അവർ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, ഗുസ്തിക്കാരനായ ഇന്ന വ്യക്തിയാണ്. അയാളോട് ഒരാളും എതിരിടുകയില്ല; അയാൾ എതിരാളിയെ വീഴ്ത്താതെ.' അപ്പോൾ അല്ലാഹുവിന്റെ തിരുദൂതർﷺ പറഞ്ഞു: 'അയാളെക്കാൾ അതിശക്തനാ

## കോപം അടക്കൽ

ജഡികേച്ഛകളെ നിയന്ത്രിക്കലും തിന്മ കൽപിക്കുന്ന മനസ്സിനെ കീഴൊതുക്കലും ഏറെ സ്തുത്യർഹമായ കാര്യമാണ്. കോപം ഒതുക്കലും അടക്കലും പ്രകടമാകാത്ത വിധം അത് മറക്കലും ഭക്തന്മാരുടെയും വിശുദ്ധന്മാരുടെയും ലക്ഷണമാണ്. കോപം അടക്കിപ്പിടിക്കൽ സൂക്ഷ്മാലുക്കളുടെ





യ ഒരാളെ നിങ്ങൾക്ക് ഞാൻ അറിയിച്ചു തരട്ടെയോ? ഒരു വ്യക്തിയെ മറ്റൊരാൾ ആക്രമിച്ചു. എന്നാൽ അക്രമിക്കപ്പെട്ടവൻ തന്റെ കോപം ഒതുക്കി. അങ്ങനെ അയാൾ തന്റെ കോപത്തെ തോൽപിച്ചു. തന്റെ പിശാചിനെ തോൽപിച്ചു. തന്റെ കൂട്ടുകാരന്റെ പിശാചിനെയും തോൽപിച്ചു"(കശ്ഫുൽഅശ്താർ, ബസ്സാർ. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

കോപം അടക്കുന്നവർ പരലോകത്ത് അല്ലാഹുവിങ്കൽ അത്യാദരണീയരാണ്. മുആദ് ഇബ്നു അനസ് അൽജുഹനി﵁യിൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

"ആരെങ്കിലും കോപം നടപ്പിലാക്കുവാൻ കഴിവുണ്ടായിട്ടും അത് അടക്കിയാൽ അന്ത്യനാളിൽ അയാളെ അല്ലാഹു മുഴുസൃഷ്ടികൾക്കിടയിൽ പ്രശംസിച്ചുകൊണ്ട് വിളിക്കും. ശേഷം സ്വർഗീയ ഹൂറുകളിൽ താനുദ്ദേശിക്കുന്നവരെ തെരഞ്ഞെടുക്കുവാൻ അയാൾക്ക് സ്വാതന്ത്ര്യം നൽകും" (സുനനുത്തിർമിദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ഇബ്നുഉമറി﵄ൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ തിരുദൂതർﷺ പറഞ്ഞിരിക്കുന്നു: "ജനങ്ങളിൽ അല്ലാഹുവിലേക്ക് ഏറ്റവും ഇഷ്ടക്കാരനായ (മറ്റൊരു വ്യക്തി കോപം അടക്കുന്നവനാണ്). ഒരാൾ തന്റെ ദേഷ്യം അടക്കിയാൽ അയാളുടെ നഗ്നത അല്ലാഹു മറക്കുന്നതാണ്. ഒരാൾ, അയാളുദ്ദേശിച്ചാൽ തന്റെ കോപം തീർക്കാൻ അയാൾക്ക് സാധിക്കുന്നതാണ്, എന്നിട്ടും അയാൾ അത് ഒതുക്കിയാൽ അന്ത്യനാളിൽ അയാളുടെ ഹൃദയം അല്ലാഹു തൃപ്തികൊണ്ട് നിറക്കുന്നതാണ്"(മുഅ്ജമുത്ത്വബ്റാനി, അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

തിന്മയെ നന്മകൊണ്ടും അനിഷ്ടത്തെ ഇഷ്ടംകൊണ്ടും കാഠിന്യത്തെ നൈർമല്യം കൊണ്ടും തടുക്കുവാൻ കൽപനയുണ്ട്.

"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവുംനല്ലത് ഏതോ അതുകൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റ ബന്ധു എന്നോണം ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല'' (ക്വുർആൻ 41:35,36).

അനിഷ്ടം സഹിക്കൽകൊണ്ടും കോപം അടക്കൽകൊണ്ടും മാത്രമെ ഇത് സാധ്യമാവുകയുള്ളൂ.ആത്മ നിയന്ത്രണത്തിലും കോപം അടക്കുന്നതിലും വിവേകത്തോടെ പെരുമാറുന്നതിലും ഏറ്റവും നല്ല ഉദാഹരണമായിരുന്നു നബിﷺ. ഒരു സംഭവം കാണുക:

"ഹുനൈൻ യുദ്ധദിനം തിരുനബിﷺ ഒരുവിഭാഗം ആളുകളെ കൂടുതൽ പരിഗണിച്ചു. അക്വ്റഅ് ഇബ്നു ഹാബിസിന്ന് നൂറ് ഒട്ടകങ്ങളെ നൽകി. ഉയയ്ന ഇബ്നുബദ്റിനും അതുപോലെ നൽകി. മറ്റു ചിലർക്കും തിരുമേനി നൽകി. അപ്പോൾ ഒരു വ്യക്തി പറഞ്ഞു: 'ഈ വിഭജനത്തിൽ അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിക്കപ്പെട്ടിട്ടില്ല.' ഞാൻ പറഞ്ഞു: 'നബിﷺയോട് ഞാൻ ഇത് പറയുകതന്നെ ചെയ്യും.' തിരുമേനി പ്രതികരിച്ചു: 'അല്ലാഹു മൂസായോട് കരുണകാണിക്കട്ടെ. ഇതിനെക്കാളെല്ലാം അദ്ദേഹം പീഡിപ്പിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം ക്ഷമിച്ചു"(ബുഖാരി).

ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com

ലേഖനം



# ശൈഖ് ദിയാഉർറഹ്മാൻ അഅ്ദ്വമി: പണ്ഡിതലോകത്തെ വിസ്മയ സാന്നിധ്യം

**അ**വിഭക്ത ഇന്ത്യയിലെ ആസംഗഢിൽ ഒരു പരമ്പരാഗത സവർണ ഹിന്ദുകുടുംബത്തിൽ ജനിക്കുകയും അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ തന്റെ അന്വേഷ തൃഷ്ണയുടെ ഫലമായി ചെറുപ്പത്തിൽ തന്നെ ഇസ്‌ലാമിന്റെ വെള്ളിവെളിച്ചത്തിലേക്ക് വഴിതുറക്കപ്പെടുകയും കാഠിന്യമേറിയ പരീക്ഷണങ്ങളെ തന്റേടത്തോടെയും നെഞ്ചുറപ്പോടെയും അതിജീവിച്ച് പഠനത്തിന്റെയും അറിവുൽപാദനത്തിന്റെയും പാതയിൽ ഏതൊരു മുസ്‌ലിമിന്റെയും മനം കുളിർപ്പിക്കുകയും അവനിൽ അസൂയജനിപ്പിക്കുകയും ചെയ്യുംവിധം അടിവേര് ഭൂമിയിലേക്ക് ഇറങ്ങിയതും ശാഖകൾ വിഹായസ്സിൽ പടർന്നുപന്തലിച്ചതുമായ വടവൃക്ഷമായി മാറുകയും ചെയ്ത മഹാപണ്ഡിതനാണ് ശൈഖ് ദിയാഉർറഹ്മാൻ അഅ്ദ്വമി.

ആസംഗഢെന്ന പൗരാണിക വടക്കേഇന്ത്യൻ ഗ്രാമത്തിൽനിന്നും ദക്ഷിണേന്ത്യയിലെ മതവിജ്ഞാന കേന്ദ്രമായ ഉമറാബാദിലേക്കും പിന്നീട് മദീന മുനവ്വറയിലെ ജാമിഅ ഇസ്‌ലാമിയ്യയിലേക്കും ശേഷം ഈജിപ്തിലെ വിശ്രുത പാഠശാലയായ അൽഅസ്ഹർ യൂണിവേഴ്സിറ്റിയിലെക്കും പടർന്ന ജ്ഞാനാന്വേഷണത്തിനു ശേഷം മദീന ജാമിഅ ഇസ്‌ലാമിയ്യയിൽ അധ്യാപകനായി മാറി. അവിടത്തെ ദീർഘകാല അധ്യാപനത്തിനിടയിൽ ഹദീഥ് വിഭാഗം തലവനായും സേവനമനുഷ്ഠിച്ചു. നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവായി മാറി. തന്റെ മുമ്പിൽ വന്ന പ്രതിസന്ധികളുടെ പരിഹാരമായി വിശ്രുതമായ ഗ്രന്ഥങ്ങൾ രചിച്ചു. ഇസ്‌ലാമികലോകത്ത് ഒരു പക്ഷേ, ആദ്യമായി മുഴുവൻ സ്വഹീഹായ ഹദീഥുകളും ഒരു ഗ്രന്ഥത്തിനു കീഴിൽ കൊണ്ടുവന്ന, പ്രവാചകന്റെ മദീന പള്ളിയിൽ മതസദസ്സിന് നേതൃത്വം നൽകുന്ന ശ്രേഷ്ഠമായ പദവിനേടിയ മഹാപണ്ഡിതൻ. ഏതൊരു മുസ്‌ലിമിന്റെയും മനംകവരുന്ന രൂപത്തിൽ ഭൗതിക ജീവിതത്തിൽ വിജയംവരിച്ച് മദീനയിൽ തന്നെ മരണപ്പെടാനുള്ള അവസരം ലഭിച്ച ആ അറിവിന്റെ സാഗരം ഭൗതിക ജീവിതവഴിയിൽ നിന്നും പാരത്രിക ജീവിതത്തിലേക്കുള്ള യാത്ര ആരംഭിച്ചിരിക്കുന്നു.

### ജനനം, വിദ്യാഭ്യാസം, ജീവിതം

1943ൽ അവിഭക്ത ഇന്ത്യയിലെ ഉത്തർപ്രദേശ് സംസ്ഥാനത്ത് ആസംഗഢ് എന്ന ഗ്രാമത്തിൽ ഒരു ഹിന്ദു സവർണ കുടുംബത്തിൽ ജനിച്ചു. പിതാവ് ആ പ്രദേശത്തെ പ്രാദേശിക ഹിന്ദുനേതാവും പൗരപ്രമുഖനും ആയിരുന്നു. ബൻകിലാൽ എന്നായിരുന്നു കുടുംബം അദ്ദേഹത്തെ വിളിച്ച പേര്. സ്വാഭാവികമായി പുരാതന ഹിന്ദുകുടുംബത്തിൽ ജനിച്ച ബൻകി ലാൽ തന്റെ സെക്കന്ററി പഠനകാലംവരെ കടുത്ത ഹിന്ദുമത വിശ്വാസിയായിത്തന്നെ വളർന്നു. കാരണം അദ്ദേഹത്തിന്റെ കുടുംബം സാമ്പ്രദായിക ഹിന്ദുകുടുംബവും പാരമ്പര്യമായി ക്ഷേത്രാരാധനയിൽ വിശ്വസിച്ചിരുന്നവരുമായിരുന്നു.

സെക്കന്ററി പഠനത്തിനുശേഷം അടുത്തുള്ള ശിബിലി കോളേജിലാണ് ലാൽ ഉന്നതപഠനത്തിന് ചേർന്നത്. അത് ഗ്രാമത്തിന് അടുത്തുള്ള കോളേജായിരുന്നതിനാൽ അവിടെ പഠനം തുടരുകയായിരുന്നു. അവിടെ ചേരുന്നതുവരെ അദ്ദേഹത്തിന് തന്റെ കുടുംബത്തിന്റെ വിശ്വാസാചാരങ്ങളിൽ തികഞ്ഞ മതിപ്പും ബോധ്യവുമാണ് ഉണ്ടായിരുന്നത്.

എന്നാൽ ശിബിലി കോളേജിലെ പഠനകാലയളവിൽ പ്രീഡിഗ്രി പരീക്ഷയിൽ വിജയിച്ചു നിൽക്കുന്ന സമയത്ത് അദ്ദേഹത്തിന് ഒരു സുഹൃത്ത് ഒരു ചെറിയ പുസ്തകം വായിക്കാനായി നൽകി. മൗലാനാ അബുൽ അഅ്‌ലാ മൗദൂദി രചിച്ച 'സത്യമതം' എന്ന പുസ്തകമായിരുന്നു അത്.

'അല്ലാഹു ഒരാൾക്ക് സന്മാർഗം ഉദ്ദേശിച്ചാൽ അവരുടെ ഹൃദയത്തെ ഇസ്‌ലാമിലേക്ക് വിശാലപ്പെടുത്തി കൊടുക്കും' എന്ന് ക്വുർആൻ പറയുന്നുണ്ടല്ലോ. സംഭവിച്ചത് അതുതന്നെയായിരുന്നു! തികച്ചും മറ്റൊരു മതത്തിന്റെ അന്തരീക്ഷത്തിൽ ജീവിച്ചുവളർന്ന കൊച്ചു ബൻകീ ലാലിനെ ആ പുസ്തകം പിടിച്ചിരുത്തി ചിന്തിപ്പിച്ചു. മനസ്സിൽ നൂറായിരം ചോദ്യങ്ങൾ എയ്തുവിട്ടു. ലാൽ ആ പുസ്തകവുമായി തന്റെ ഗ്രാമത്തിലെ ഹിന്ദുപണ്ഡിറ്റുകളുടെ അടുത്തേക്ക് പോയി അവരോട് തന്റെ സന്ദേഹങ്ങൾക്ക് നിവാരണം വരുത്താൻ ശ്രമിച്ചു. എന്നാൽ തന്റെ മനസ്സിൽ കയറിക്കൂടിയ സംശയങ്ങൾ നിവർത്തിക്കാൻ അവരുടെ മറുപടികൾക്ക് ആവുന്നില്ല എന്ന് അദ്ദേഹം തിരിച്ചറിയുകയായിരുന്നു. ദിവസങ്ങൾക്കു ശേഷം കോളേജ് തുറന്നപ്പോൾ അദ്ദേഹം കോളേജിലേക്ക് തിരികെ വന്നത് ഇസ്‌ലാമിനെ കൂടുതൽ അടുത്തറിയാനുള്ള ആഗ്രഹവുമായിട്ടാണ്.

ലൈബ്രറിയിൽ നിന്നും ഇസ്‌ലാമിനെ അറിയാൻ സഹായിക്കുന്ന ഗ്രന്ഥങ്ങൾ; പ്രത്യേകിച്ചും ഉർദു, ഹിന്ദി ഭാഷയിൽ ഉള്ളവ തേടിപ്പിടിച്ചു വായിച്ചു. ഇസ്‌ലാമിക് ഡിപ്പാർട്ട്മെന്റിനുകീഴിൽ നടന്നിരുന്ന ക്വുർആൻ ക്ലാസ്സുകളിൽ സ്ഥിരമായി പങ്കെടുത്തു.





നിരന്തരമായ വായനയും ക്വുർആൻ പഠനവും അദ്ദേഹത്തിന്റെ മനസ്സിൽ ഇസ്‌ലാമിന്റെ  രാജപാത തെളിമയുള്ളതും അടിയുറച്ചതും ആക്കുകയായിരുന്നു.

ഇസ്‌ലാമിലേക്ക് ഹൃദയം ഹഠാദാകർഷിച്ചുവെങ്കിലും ആ ഇളംമനസ്സിന് തന്റെ കുടുംബത്തിന് മുന്നിൽ അത് ഉറക്കെ പറയാൻ തുടക്കത്തിലേ ആകുമായിരുന്നില്ല. കാരണം അത്രകണ്ടു പരമ്പരാഗത ഹിന്ദുമത വിശ്വാസികളും ക്ഷേത്രാരാധനയിൽ ഉറച്ച് വിശ്വസിക്കുന്നവരുമായിരുന്നു അദ്ദേഹത്തിന്റെ കുടുംബം. കൂടാതെ തന്റെ മാതാപിതാക്കൾ, സഹോദരങ്ങൾ എന്നിവരെക്കുറിച്ചുള്ള ആധിയും ആ ഇളംമനസ്സിനെ മഥിച്ചുകൊണ്ടിരുന്നു.

ആയിടക്ക് ഒരു ദിവസം ക്വുർആൻ ക്ലാസിൽ പങ്കെടുത്തുകൊണ്ടിരുന്ന ബൻകി ലാൽ സൂറഃ അൽഅൻകബൂത്തിലെ ഈ വചനം ശ്രദ്ധിക്കാൻ ഇടയായി: "അല്ലാഹുവിന് പുറമെ വല്ല രക്ഷാധികാരികളെയും സ്വീകരിച്ചവരുടെ ഉപമ എട്ടുകാലിയുടേത് പോലെയാകുന്നു. അത് ഒരു വീടുണ്ടാക്കി. വീടുകളിൽ വെച്ച് ഏറ്റവും ദുർബലമായത് എട്ടുകാലിയുടെ വീട് തന്നെ. അവർ കാര്യം മനസ്സിലാക്കിയിരുന്നുവെങ്കിൽ!" (29:41)

ഈ വചനത്തിന്റെ അർഥവും അതിന്റെ വിശദീകരണവും കേട്ട ലാൽ അതേ സദസ്സിൽവച്ചു തന്നെ ഗുരുവിന്റെ മുൻപിൽ ഇസ്‌ലാം തുറന്ന് പ്രഖ്യാപിക്കുകയും സ്വീകരിക്കുകയുമാണ് ചെയ്തത്. തുടർന്നു 'നമസ്കാരം എങ്ങനെ പഠിക്കാം' എന്ന പുസ്തകം വായിക്കുകയും കുളിച്ച് ശുദ്ധിവരുത്തി നമസ്കാരത്തിന് തയ്യാറാവുകയും ചെയ്തു. ശൈഖ് ആദ്യം പങ്കെടുത്തത് തന്റെ ഗുരുവിന്റെ കൂടെ അന്നത്തെ മഗ്‌രിബ് ജമാഅത്ത് നമസ്കാരത്തിനായിരുന്നു.


ഇസ്‌ലാം സ്വീകരിച്ചുവെങ്കിലും കുടുംബത്തിനു മുന്നിൽ അദ്ദേഹത്തിന് തുറന്ന് പ്രഖ്യാപിക്കാൻ അപ്പോഴും കഴിയുമായിരുന്നില്ല. തന്റെ ഒഴിവുസമയങ്ങളധികവും ഇസ്‌ലാമിനെ വിശദമായി വായിച്ചറിയാൻ മാറ്റിവച്ച അദ്ദേഹം അക്കാലത്ത് നമസ്കാരം അടക്കം ഇസ്‌ലാമിക കർമങ്ങൾ രഹസ്യമായി അനുഷ്ഠിച്ചുപോന്നു.

ഒരു അടുത്തബന്ധു ലാലിന്റെ ഈ മാറ്റങ്ങൾ തിരിച്ചറിയുകയും ഇസ്‌ലാമിൽനിന്ന് പിന്മാറാൻ അദ്ദേഹത്തെ നിരന്തരം ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ അടിയുറച്ച വിശ്വാസത്തിൽ നിന്ന് പിന്മാറാൻ താൻ ഒരുക്കമല്ലെന്ന് ലാൽ അദ്ദേഹത്തെ അറിയിച്ചു. തുടർന്ന് അയാൾ പിതാവിനെയും ബന്ധുക്കളെയും വിവരമറിയിക്കുകയും മകൻ ഏതുനിമിഷവും നിങ്ങൾക്ക് നഷ്ടപ്പെട്ടേക്കാം എന്ന് അവരെ താക്കീത് ചെയ്യുകയും ചെയ്തു.

മകന്റെ മനംമാറ്റം അറിഞ്ഞ പിതാവിന്റെ പ്രതികരണം വിവരണാതീതമായിരുന്നു. മകന്റെ അടുത്തെത്തി വിവരങ്ങൾ ആരാഞ്ഞ പിതാവ് തുടക്കത്തിൽ വിചാരിച്ചത്  മകനെ എന്തോ പ്രേതബാധ പിടികൂടിയതാണെന്നായിരുന്നു. അതിന്റെ ചികിത്സക്കായി ഹൈന്ദവ ആചാര്യന്മാരുടെയും ജ്യോത്സ്യൻമാരുടെയും അടുത്തേക്ക് മകനെകൊണ്ട് ചെല്ലുകയും അവർ അദ്ദേഹത്തെ പലവിധത്തിലും തിരികെ കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്തു. ഹിന്ദുമതത്തിന്റെ പാരമ്പര്യവും മഹത്ത്വവും നിരന്തരം ഉപദേശിച്ചു. മതത്തിലേക്ക് തിരിച്ചുവന്നില്ലെങ്കിൽ ഉണ്ടാകാനിടയുള്ള സാഹചര്യങ്ങളെ ഭീഷണിയുടെ സ്വരത്തിൽ ഓർമപ്പെടുത്തിക്കൊണ്ടും അവർ അദ്ദേഹത്തെ തിരിച്ചുകൊണ്ടുവരാൻ ശ്രമിച്ചെങ്കിലും വിദ്യാർഥിയായ അദ്ദേഹം തന്റെ മനസ്സിലുള്ള സംശയങ്ങൾ അവരുടെ മുമ്പിൽ അവതരിപ്പിച്ചപ്പോൾ അവർ അമ്പരന്നു പോവുകയും ഇയാളെ പിന്തിരിപ്പിക്കാൻ ആവില്ല എന്ന് തിരിച്ചറിയുകയും ചെയ്തു.

പിന്നീടവർ അദ്ദേഹത്തെ ഉപദേശിച്ചത് 'നീ ഹിന്ദുമതം ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട് എങ്കിൽ

ഇസ്‌ലാമിനു പകരം ക്രൈസ്തവ മതത്തിലേക്ക് മാറിക്കൊള്ളുക, അതിന് കൂടുതൽ ലോകപ്രസിദ്ധിയുണ്ട്, അതിലെ ആളുകൾ സാമ്പത്തികമായി അഭിവൃദ്ധിയുള്ളവരുമാണ്' എന്നൊക്കെയായിരുന്നു. ഇന്നത്തെ പോലെ തീവ്രവാദത്തിന്റെ ചാപ്പ ഇസ്‌ലാമിന്റെ പേരിൽ അന്ന് അത്ര പ്രചാരത്തിൽ ഇല്ലായിരുന്നല്ലോ. എന്നാൽ ശൈഖിന്റെ ഉത്തരം ഇതായിരുന്നു: 'ഞാൻ ഇസ്‌ലാം സ്വീകരിച്ചത് നിരന്തര പഠനത്തിന്റെയും ക്വുർആൻ വായനയുടെയും ഗ്രന്ഥങ്ങൾ പലതിന്റെയും അടിസ്ഥാനത്തിലാണ്, അല്ലാതെ നമുക്കുചുറ്റുമുള്ള മുസ്‌ലിംകളെ കണ്ടുകൊണ്ടല്ല.'



ഇതിനുശേഷം കുറച്ചുകാലം അദ്ദേഹം സ്ഥലത്തെ മുസ്‌ലിം സംഘടനകളുമായി അടുക്കുകയും മുന്നോട്ടുപോവുകയും ചെയ്തു. പിതാവിനും സംഘത്തിനും സഹിക്കാവുന്നതിലും അപ്പുറമായിരുന്നു ഇതെല്ലാം. അദ്ദേഹത്തെ ഇല്ലാതാക്കാതെ ഇനി ഭക്ഷണം കഴിക്കുകയില്ല എന്നുവരെ അവർ ശപഥം ചെയ്തു.

അദ്ദേഹത്തിനു മുമ്പിൽ രണ്ടുമാർഗങ്ങൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഒന്നുകിൽ ഹിന്ദുമതത്തിലേക്ക് തിരികെ പോവുക, അല്ലെങ്കിൽ കൊല്ലപ്പെടുക. അടുത്ത ബന്ധുക്കളിൽനിന്നും ഇത്തരത്തിലുള്ള ചില ശ്രമങ്ങൾ കൂടി നേരിട്ടപ്പോൾ ജനിച്ച നാട്ടിൽ നിന്നും ബന്ധുക്കളിൽനിന്നും പലായനം ചെയ്യാൻ അദ്ദേഹം നിർബന്ധിതനായി.

വിശ്വാസത്തിന്റെ ശാദ്വലതീരത്തേക്ക് കടന്നുവന്ന എത്രയോ പ്രവാചകന്മാരും വിശ്വാസികളും ചരിത്രത്തിൽ നേരിട്ട അതേ പ്രതിസന്ധിക്ക് മുമ്പിൽ ശൈഖ് ഉറച്ച തീരുമാനമെടുത്തു; ഇസ്‌ലാമിനായി നാടും കുടുംബവും ഉപേക്ഷിക്കുക തന്നെ! അകലെയുള്ള ഒരു സുഹൃത്തിന്റെ വീട്ടിലേക്ക് അദ്ദേഹം താമസം മാറ്റി. പലപ്പോഴും കന്നുകാലികളെ കെട്ടിയിരുന്ന തൊഴുത്തിലായിരുന്നു ശത്രുഭയത്താൽ അദ്ദേഹം അന്തിയുറങ്ങിയിരുന്നത്!

ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഗ്രാമത്തിലെ ഹിന്ദു സംഘടനകൾ വിഷയം ഏറ്റെടുക്കുകയും അദ്ദേഹത്തെ കണ്ടെത്താൻ അവർ തിരച്ചിൽ ആരംഭിക്കുകയും ചെയ്തു. അവർ വിവിധ സ്ഥലങ്ങളിൽ കയറിയിറങ്ങി പള്ളികളും മദ്‌റസകളും മുസ്‌ലിം സ്ഥാപനങ്ങളും വീടുകളും അരിച്ചുപെറുക്കിയെങ്കിലും അദ്ദേഹത്തെ കണ്ടെത്താനായില്ല.

ആയിടക്ക് റമദാൻ എത്തി. ഇസ്‌ലാമിലേക്ക് വന്നതിനു ശേഷമുള്ള തന്റെ ആദ്യത്തെ റമദാൻ. തന്റെ കൊച്ചുമുറിയിലിരുന്ന് നോമ്പെടുക്കുകയും രാത്രി നമസ്‌കാരം അടക്കമുള്ള ആരാധനകളിൽ മുഴുകുകയും ചെയ്ത് ശൈഖ് കഴിച്ചുകൂട്ടി. ഇതിനിടയിൽ എങ്ങനെയോ ഹിന്ദുസംഘടനകളിലുള്ളവർ ശൈഖ് ഇവിടെ താമസം ഉണ്ടെന്ന് അറിഞ്ഞു.

അവർ അന്വേഷിച്ച് എത്താൻ ഇടയുണ്ടെന്നറിഞ്ഞ നിമിഷം അവിടെനിന്നും രക്ഷപ്പെടാൻ തുനിഞ്ഞിറങ്ങി. റെയിൽവേ സ്‌റ്റേഷനിലേക്ക് യാത്രയാരംഭിച്ച അദ്ദേഹത്തെ മുസ്‌ലിം സംഘടനകൾ സഹായിക്കുകയും വടക്കേ ഇന്ത്യയിൽനിന്നും തെക്കേഇന്ത്യയിലെ വിജ്ഞാന ഗോപുരമായ ജാമിഅ ദാറുസ്സലാം ഉമറാബാദിലേക്ക് യാത്ര പുറപ്പെടാനുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുകയും ചെയ്തു.

ഉമറാബാദിലേക്ക് വണ്ടികയറിയ ശൈഖിന് ഉമറാബാദ് എത്തി കാര്യങ്ങൾ ശരിയായപ്പോഴാണ് ആശ്വാസവും മനസ്സമാധാനവുമുള്ള ശാന്തമായ ജീവിതത്തിലേക്ക് കടന്നുവരാൻ കഴിഞ്ഞത്. പിന്നീട് അവിടെനിന്നും സ്വച്ഛമായ ഒരു നദിപോലെ ഇസ്‌ലാമിക ലോകത്തെ പണ്ഡിതശ്രേഷ്ഠൻമാരുടെ മുൻ നിരയിലേക്ക് അദ്ദേഹത്തിന്റെ ജീവിതം പതിയെ ഒഴുക്ക് ആരംഭിക്കുകയായിരുന്നു. (തുടരും)

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

# അജ്ഞതയുടെ ആഴം

കടലിൽനിന്ന് കൂടുതൽ മത്സ്യം ലഭിക്കാൻ കടലിലേക്ക് പഴമെറിഞ്ഞതിനെ വിമർശിച്ചതിൽ രോഷംപൂണ്ട് ഒരു സഹോദരൻ വാട്സാപ്പിലൂടെ രൂക്ഷമായി പ്രതികരിക്കുകയുണ്ടായി. നമ്മുടെ ആവശ്യങ്ങൾ സാധിച്ചുകിട്ടുവാനായി മൺമറഞ്ഞ മഹാന്മാരോട് സഹായം തേടുന്നതിൽ എന്താണ് തെറ്റ് എന്നും അദ്ദേഹം കൂട്ടത്തിൽ ചോദിക്കുകയുണ്ടായി. അജ്ഞത എത്രമാത്രം മനുഷ്യനെ വഴിതെറ്റിക്കും എന്നതിന് വേറെ എന്തു തെളിവു വേണം?

മനുഷ്യരായ നാം ഈ ലോകത്തേക്കു വന്നത് നമ്മുടെ അനുവാദത്തോടുകൂടിയല്ലല്ലോ. ഇന്നോ നാളെയോ നമുക്ക് ഈ ലോകത്തോടു യാത്രപറയേണ്ടിവരികയും ചെയ്യും. അതും നമ്മുടെ അനുവാദത്തോടെയോ ഇഷ്ടത്തോടെയോ ആകില്ല. അതുകൊണ്ടുതന്നെ നമ്മുടെ ജീവിതവും മരണവും നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സ്രഷ്ടാവായ അല്ലാഹുവിന്റെ മതത്തിന്റെ നിയമങ്ങളും നിർദേശങ്ങളും കൽപനകളും അനുസരിച്ചു ജീവിക്കുവാൻ നാം തയാറാവുക എന്നതാണ് ബുദ്ധി.

അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻ കൽപിക്കപ്പെട്ടവരാണ് മനുഷ്യർ. അല്ലാഹു പറയുന്നു: "ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ...." (ക്വുർആൻ 2:21).

അതുകൊണ്ടുതന്നെ ആരാധനയുടെ പരിധിയിൽ വരുന്ന യാതൊന്നും അല്ലാഹുവിനല്ലാതെ അർപ്പിക്കാൻ പാടില്ല. പ്രാർഥനയാകുന്നു ആരാധനയുടെ ആത്മസത്ത. ഒരു സത്യവിശ്വാസി അല്ലാഹുവിനോടല്ലാതെ ഏതു ഘട്ടത്തിലും ആരോടും പ്രാർഥിക്കാൻ പാടില്ല. അത് വമ്പിച്ച തെറ്റാണെന്നും അല്ലാഹു ഒരിക്കലും പൊറുക്കില്ലെന്നും അവർക്ക് നരകം ഉറപ്പാണെന്നും അല്ലാഹു വിശുദ്ധ ക്വുർആനിലൂടെ കൃത്യമായി പഠിപ്പിച്ചിട്ടുണ്ട്. ഏതാനും വചനങ്ങൾ കാണുക:

"പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ചു പ്രാർഥിക്കരുത്" (ക്വുർആൻ 72:18). "നിന്നോട് എന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്..." (2:186).

"തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്...." (4:48). "തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: '(അല്ലാഹുവിന്) പങ്കാളിയെ ചേർക്കുന്നപക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപ്പോകുകയും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും" (39:65).

വിശുദ്ധ ക്വുർആനിന്റെ വിശദീകരണമാണ് സുന്നത്ത് അഥവാ നബിചര്യ. നബിﷺയെ അനുസരിക്കൽ നമ്മുടെ ബാധ്യതയാണ്. അല്ലാഹു പറയുന്നു: "പറയുക; നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ..." (3:32). "ആർ അല്ലാഹുവെയും അവന്റെ റസൂലിനെയും ധിക്കരിക്കുകയും അവന്റെ (നിയമ)പരിധികൾ ലംഘിക്കുകയും ചെയ്യുന്നുവോ അവനെ അല്ലാഹു നരകാഗ്നിയിൽ പ്രവേശിപ്പിക്കും. അവനതിൽ നിത്യവാസിയായിരിക്കും. അപമാനകരമായ ശിക്ഷയാണ് അവനുള്ളത്" (4:14).

മരണം ഉറപ്പാണ്. നരകം യാഥാർഥ്യമാണ്. നമ്മുടെ ക്വബ്റിലും പരലോകത്തും നമുക്ക് തുണയായുണ്ടാവുക സത്യവിശ്വാസത്തിലധിഷ്ഠിതമായ സൽകർമങ്ങൾ മാത്രമാണ്. ഉറ്റവരും ഉടയവരുമൊന്നും അവിടെ നമ്മെ സഹായിക്കാനെത്തില്ല. അതുകൊണ്ട് പ്രമാണങ്ങളിലൂടെ ഇസ്‌ലാമിനെ മനസ്സിലാക്കുക. ഒരുപാട് ആളുകൾ ചെയ്യുന്നുണ്ട്, അല്ലെങ്കിൽ കാക്കകാരണവന്മാരൊക്കെ ചെയ്തതാണ് എന്നതൊന്നും മതത്തിൽ തെളിവല്ല. മതം പഠിപ്പിക്കുവാൻ അല്ലാഹു നിയോഗിച്ച മുഹമ്മദ് നബിﷺയിലാണ് നമുക്ക് മാതൃകയുള്ളത്. ആ മാതൃക പിൻപറ്റി ജീവിച്ചാൽ നാം രക്ഷപ്പെടും. അല്ലെങ്കിൽ പരാജയപ്പെടും.




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ശനിയാഴ്ചയും രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- വിജയികളുടെ വിലാസം മൊബൈൽ നമ്പർ വച്ചാണ് കണ്ടെത്തുന്നത് എന്നതിനാൽ സ്വന്തം നമ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 184

**ഒന്നാം സമ്മാനം:**
Safeer PT, Pulamanthole, Malappuram

**രണ്ടാം സമ്മാനം:**
Shahanas Shamsudheen, Perinkary, Koomanthode, Kannur

**മൂന്നാം സമ്മാനം:**
Athila TS, Perumbavoor, Ernakulam

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 AUGUST 08

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
നേർപഥം Quiz
MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**


**രണ്ടാം സമ്മാനം ടാബ്‌ലെറ്റ്..!!**

മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!

**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**

കൂടാതെ ശരിയുത്തരമയക്കുന്ന
1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!

**ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!**



QR കോഡ് സ്കാൻ ചെയ്യുക

zameel the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**എല്ലാ ഞായറാഴ്ചയും 10 AM മുതൽ ശനിയാഴ്ച 12 AM വരെ ഉത്തരമയക്കാൻ അവസരം...!!**

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**